ആർച്ച് ബിഷപ്പ് ഇവാനിയോസും, മലങ്കര കത്തോലിക്കാ റീത്തും : ചില കാണാപ്പുറങ്ങൾ

അബ്ദേദ് നൂഹറോ

ഒരു ഒസിപി പ്രസിദ്ധീകരണം
പ്രസിദ്ധീകരണ വകുപ്പ്
ഓർത്തഡോക്സി കോഗ്നേറ്റ് പേജ് സൊസൈറ്റി
A.455/2010
http://ocpbooks.simplesite.com/421264374
www.theorthodoxchurch.info
മലയാളം പ്രസിദ്ധികരണം

റോമൻ കാത്തലിക് ആൻഡ് യൂണിയേറ്റ് റൈറ്റ് സ്റ്റഡീസ്
(പൗരസ്ത്യ റീത്ത് പഠനങ്ങൾ)

02/05/2020

ആമുഖം

ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിന്റെ അവസാനം രൂപം കൊള്ളുകയും നാല് പതിറ്റാണ്ടോളം മലങ്കരയിലെ സ്തുതി ചൊവ്വാക്കപെട്ടവരുടെയും, തെക്കൻ തിരുവിതാംകൂറിലെ അക്രൈസ്തവരുടെയും ഇടയിൽ അവർക്കു ഭൗതിക സൗകര്യങ്ങൾ നൽകി വളർത്തിയെടുക്കുകയും ചെയ്ത സിറോ മലങ്കര റീത്ത് പ്രസ്ഥനത്തെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലങ്കര സഭക്ക് നിശ്ശേഷം ഭയമില്ല.പക്ഷെ 'പുനരൈക്യം' എന്ന ഓമനപ്പേരിട്ട് വിളിക്കുന്ന അജമോഷണം മറ്റു എപ്പിസ്കോപ്പൽ സഭകളിൽ നിന്നു ആഗ്രഹിക്കുകയും ആ ആത്മാവോടെ സമീപിക്കുകയും ചെയ്യുമ്പോൾ മലങ്കരയിലെ മക്കളെ ചിലതൊക്കെ ഓർമ്മിപ്പിക്കേണ്ടത് ഇന്നിന്റെ അനിവാര്യതയാണ് എന്ന് കരുതുന്നു

സമഗ്രമായ ഒരു അന്വേഷണത്തിന് തല്ക്കാലം മുതിരുന്നില്ലെങ്കിലും വ്യാജ രേഖകളുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തിയ ചീട്ടുകൊട്ടാരങ്ങളുടെ ചില ഉള്ളറകളെങ്കിലും തുറന്നു കാണിക്കുവാനുള്ള എളിയ ശ്രമത്തിന്റെ ഭാഗമായാണ് ഈ ഗ്രന്ഥ രചനക്ക് ശ്രമിച്ചത്. എല്ലാ മേഖലകളിലെയും എല്ലാ കാര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്നില്ല. അതിന്റെ ആവശ്യകത ഉണ്ടെന്ന് തോന്നുന്നുമില്ല. കാരണം, അരി വെന്തോയെന്നു നോക്കുവാൻ എല്ലാ അരിമണിയും തൊട്ടു നോക്കേണ്ട ആവശ്യമില്ലല്ലോ. ഈ ലോക്ക്ഡൗൺ കാലത്തു സമാനമനസ്കരായ ഏതാനം ചെറുപ്പക്കാരുടെ പരിശ്രമ ഫലമാണ് ഇതിലെ ലേഖനങ്ങൾ. സഭ ചരിത്ര-എക്യൂമെനിക്കൽ പഠിതാക്കളുടെ തുടർ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും ഇതൊരു ത്വരകമായി രൂപപ്പെടും എന്ന കാര്യത്തിൽ സംശയമില്ല. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലവരെയും നന്ദിയോടെ സ്മരിക്കുകയും, ഈ ലേഖനങ്ങൾ ഒരു ഗ്രന്ഥ രൂപത്തിൽ ക്രമീകരിക്കുവാൻ സൗമനസ്യം കാട്ടിയ ഓ സി പി പ്രസിദ്ധീകരണ വകുപ്പ് ഭാരവാഹികളോട് സ്നേഹാദരവുകൾ അർപ്പിക്കുകയും ചെയ്തുകൊണ്ട് നിർത്തുന്നു.

എന്ന്

അബ്ദേദ് നൂഹറോ

ഉള്ളടക്കം

അദ്ധ്യായം - 11
ആർച്ച് ബിഷപ്പ് ഇവാനിയോസിന്റെ മലങ്കര സഭയിലേക്കുള്ള 'മടക്കം'
പേജ് - 28

അദ്ധ്യായം 1
മലങ്കര സഭയും, ബഥനിയുടെ മാർ ഈവാനിയോസും, റോമാ പുനരൈക്യവും

"പുനരൈക്യം"



എന്താണ് പുനരൈക്യം? മുമ്പ് ഉണ്ടായിരുന്നതും എന്നാൽ പിന്നീട് വിച്ഛേദിക്കപ്പെട്ടതുമായ ഐക്യം പുനസ്ഥാപിക്കുന്നതിനെയാണ് പുനരൈക്യം എന്ന സംജ്ഞ കൊണ്ട് അർത്ഥമാക്കുന്നത്. ഈ പുനരൈക്യം എന്ന സംജ്ഞയെ ആഗോള ക്രൈസ്തവ സഭയുടെ ചരിത്രവുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോൾ പൗരസ്ത്യ സഭകളിൽ നിന്നും പുരോഹിതരോ വിശ്വാസികളോ റോമാ സഭയോട് ഐക്യപ്പെടുന്നതിനെ നിർവചിക്കാനാണ് വ്യാപകമായി ഈ പദം ഉപയോഗിച്ച് കാണുന്നത്. പൗരസ്ത്യ സഭകളിൽ നിന്നും പുരോഹിതരോ വിശ്വാസികളോ റോമാ സഭയോട് ചേർന്നാൽ അതൊരു "പുനരൈക്യം" ആണോ. ഈ പ്രവർത്തിയെ പുനരൈക്യം എന്നു വിശേഷിപ്പിക്കുന്നതിലെ മാനുഷിക യുക്തി എത്രമാത്രം ആണെന്ന് നമുക്കൊന്നു പരിശോധിക്കാം.

സാധാരണയായി കത്തോലിക്ക സഭാ വിഭാഗങ്ങളിൽ നിന്നുള്ളവർ സോഷ്യൽ മീഡിയയിൽ നടത്തുന്ന ചില അവകാശവാദങ്ങൾ ഉണ്ട്. കത്തോലിക്ക സഭ എന്നാൽ വ്യക്തി സഭകളുടെ കൂട്ടായ്മ ആണെന്നും.24 റീത്തുകൾ കൂടിചേരുന്നതാണ് കത്തോലിക്ക സഭയെന്നും.അതിന്റെ പൊതുതലവൻ ആണ് മാർപാപ്പയെന്നും. 24 വിഭാഗങ്ങൾക്കും അവരുടേതായ വ്യക്തിഗത തലവന്മാർ ഉണ്ട് എന്നും. വ്യക്തിഗത റീത്തുകൾക്ക് ഉൾഭരണ സ്വാതന്ത്ര്യം ഉണ്ട് എന്നും അങ്ങനെ പോകുന്നു അവകാശവാദങ്ങൾ. എന്നാൽ എന്നാണ് ഈ വ്യക്തിസഭകൾ ഉണ്ടായത്?.റോമിലെ മാർപാപ്പയെ "പൊതുതലവൻ" ആയി അംഗീകരിക്കാൻ പൗരസ്ത്യ സഭയുടെ പാരമ്പര്യമോ ക്രൈസ്തവ സഭയുടെ പൊതുവായ കാനോനുകളോ ആവശ്യപ്പെടുന്നുണ്ടോ ?. മാർപാപ്പയെ പൊതുതലവൻ ആയി അംഗീകരിച്ചുകൊണ്ടുള്ള ഒരു കൂട്ടായ്മ ആയിരുന്നോ പൗരസ്ത്യ സഭകളും പാശ്ചാത്യ സഭയും തമ്മിൽ ആദ്യ നൂറ്റാണ്ടുകളിൽ നിലനിന്നിരുന്നത് ?. "കാതോലികം" എന്ന ഗ്രീക്ക് പദം കൊണ്ട് വിശേഷിക്കപ്പെട്ട സഭാ കൂട്ടായ്മക്ക് റോമിലെ പാത്രികീസ് "പൊതുതലവൻ" ആണോ ?. ഇങ്ങനെ ഉയരുന്ന നിരവധി ചോദ്യങ്ങൾക്ക് ആദ്യ നൂറ്റാണ്ടിലെ ക്രൈസ്തവ കൂട്ടായ്മയുടെ ചരിത്രപശ്ചാത്തലം പരിശോധിച്ചു കൊണ്ട് നമുക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കാം.

ആദിമ നൂറ്റാണ്ടിലെ ക്രൈസ്തവ സഭയുടെ ചരിത്രം പരിശോധിച്ചാൽ അപോസ്തോലിക സഭകൾ എല്ലാം കൂട്ടായ്മയിൽ നിലനിന്നിരുന്നു എന്നു കാണാം. പ്രത്യേകിച്ചും റോമാ സാമ്രാജ്യത്തിലെ അപോസ്തോലിക സഭകൾ പരസ്പരം

ദൃഢമായ സംസർഗത്തിൽ നിലനിന്നിരുന്നതായി കാണാം .സാമ്രജ്യങ്ങൾ തമ്മിലുള്ള കിടമൽസരവും രാഷ്ട്രീയ കാരണങ്ങളും നിമിത്തം റോമാസാമ്രാജ്യത്തിനു പുറത്തുള്ള സഭകളുമായുള്ള അപോസ്തോലിക സംസർഗം അത്രയും ദൃഢതയുള്ളതായിരുന്നില്ല എങ്കിൽ തന്നെയും റോമാ സാമ്രാജ്യത്തിനകത്തുള്ള അപോസ്തോലിക സഭകളും സാമ്രാജ്യത്തിന്റെ പുറത്തുള്ള അപോസ്തോലിക സഭകളും തമ്മിൽ പരിമിതികൾക്കുള്ളിൽ നിന്നുള്ള ആശയവിനിമയവും പരസ്പര സംസർഗവും തുടർന്നു വന്നിരുന്നു. അപോസ്തോലിക സഭകളുടെ തലവന്മാർക്കെല്ലാം തന്നെ തുല്യ അധികാരങ്ങൾ ആയതിനാൽ എല്ലാ സഭാതലവന്മാരെയും സമന്മാരായിട്ടാണ് കണ്ടിരുന്നത്. റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരമായ റോമിലെ ബിഷപ് എന്ന നിലയിൽ തികച്ചും രാഷ്ട്രീയമായ കാരണങ്ങളാൽ മാത്രം റോമിലെ ബിഷപിനെ സമന്മാരിൽ ഒന്നാമനായി കണ്ടിരുന്നു. അതിനർത്ഥം അദ്ദേഹത്തെ പൊതുതലവനായി മറ്റു സഭകൾ കണ്ടിരുന്നു എന്നല്ല . റോമിലെ മെത്രാന് മറ്റ് അപോസ്തോലിക സഭകളുടെ മേൽ അധികാരമോ ഒരു പൊതുതലവൻ എന്ന അംഗീകാരമോ ഉണ്ടായിരുന്നതായി ചരിത്രത്തിൽ എവിടെയും കാണാൻ കഴിയില്ല . സഭയുടെ ആദ്യത്തെ ഔദ്യോഗികവും അനൗദ്യോഗികവുമായ കൗൺസിലുകളിൽ മറ്റു പാത്രികീസുമാരുടെ അദ്ധ്യക്ഷതയിൻ കീഴിൽ റോമൻ പാത്രികീസ് പങ്കെടുത്തതായും ചരിത്രം പറയുന്നു. അതായത് റോമാ പാത്രികീസിന്റെ അപ്രമാധിത്വവും അപോസ്തോലിക അധികാരവും റോമാ സഭയുടെ ഉള്ളിൽ മാത്രം നിജപ്പെട്ടിരുന്നു. ആ പരിധിക്ക് പുറത്ത് മറ്റ് അപോസ്തോലിക സഭകളുടെ മേൽ റോമൻ പോപ്പിന് അധികാരം ഉണ്ടായിരുന്നതായി ചരിത്രത്തിൽ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. ആദിമ ക്രൈസ്തവ സഭയിൽ നിലനിന്നിരുന്ന സഭാ കൂട്ടായ്മയിൽ റോമാ പോപ്പിന് പൊതുതലവൻ എന്ന അംഗീകാരം ഇല്ലായിരുന്നു .

ആദിമ നൂറ്റാണ്ടിൽ നിലനിന്നിരുന്ന അപോസ്തോലിക സഭാ കൂട്ടായ്മ പിന്നീട് രാഷ്ട്രീയപരവും വിശ്വാസപരമായ കാരണങ്ങളാൽ വിച്ഛേദിക്കപ്പെട്ടതായി കാണാം. അഞ്ചാം നൂറ്റാണ്ടിലെ കൽകദൂൻ സുന്നഹദോസോടെ ഉടലെടുത്ത പാശ്ചാത്യ സഭയും (റോമൻ) പൗരസ്ത്യ സഭകളും തമ്മിലുള്ള ഭിന്നത AD 1054 ഓടെ പൂർണമായ ഒരു പിളർപ്പിൽ കലാശിച്ചു.

ക്രിസ്തുവർഷം 1054 ൽ റോമൻ സഭയുമായുള്ള ഐക്യം എല്ലാ പൗരസ്ത്യ സഭകളും വിച്ഛേദിച്ചു. റോമൻ മാർപാപ്പയുടെ അപ്രമാധിത്വവാദവും പത്രോസിന്റെ പരമാധികാരവാദവും പൗരസ്ത്യ സഭക്ക് അംഗീകരിക്കാൻ കഴിയാത്ത വിധത്തിൽ റോമാ സഭ നടത്തിയ വിശ്വാസപരമായ വ്യതിചലനങ്ങളും പാശ്ചാത്യ സഭയെയും പൗരസ്ത്യ സഭകളെയും പൂർണമായി പിളർത്തി.

ചരിത്രപരമായോ കാനോനികമായോ ഇല്ലാത്ത ഒരു അധികാരം റോമൻ പോപ്പ് പൗരസ്ത്യ സഭകളുടെ മേൽ അവകാശപ്പെട്ടതാണ് പിളർപ്പിനുള്ള പ്രധാന കാരണം റോമൻ പോപ്പിനെ പൊതുതലവൻ എന്ന രീതിയിൽ അംഗീകരിക്കണം എന്നായിരുന്നു റോമിന്റെ അവകാശവാദം . പൗരസ്ത്യ സഭകൾ ഈ

അവകാശവാദം പൂർണമായി തള്ളിക്കളയുകയും റോമാ സഭയുമായുള്ള സംസർഗം പരിപൂർണമായി വിച്ഛേദിക്കുകയും ചെയ്തു.

എന്നാൽ പതിനാറാം നൂറ്റാണ്ടോടെ റോമൻ സഭ പൗരസ്ത്യ സഭകളിൽ നിന്നും പുരോഹിതരെയും മെത്രാന്മാരെയും തങ്ങളുടെ പക്ഷത്താക്കി അപ്രകാരം പൗരസ്ത്യ സഭകളിൽ നിന്നും റോമാപക്ഷത്തേക്ക് വരുന്നവർക്കായി റോമാ സഭ റീത്തുകൾ സ്ഥാപിച്ചു നൽകി. ഏത് പൗരസ്ത്യ വിഭാഗത്തിൽ നിന്നാണോ അവർ റോമാ പക്ഷത്തെത്തിയത് ആ പൗരസ്ത്യ സഭയുടെ അതേ പിരമ്പര്യവും ആരാധനക്രമവും പിന്തുടരാൻ അവർക്ക് അനുവാദം നൽകി കൊണ്ട് പോപ്പിന്റെ പരമാധികാരം അംഗീകരിക്കുന്ന പൗരസ്ത്യ വിഭാഗങ്ങളെ റോമാ സഭ സൃഷ്ടിച്ചെടുത്തു. യൂണിയേറ്റിസം എന്നാണ് ഇത് അറിയപ്പെടുന്നത്. ഇപ്രകാരം സ്ഥാപിക്കപ്പെട്ട റീത്തുകൾ യൂണിയേറ്റ് റീത്തുകൾ എന്നും വിളിക്കപ്പെടുന്നു.പൗരസ്ത്യ അപോസ്തോലിക സഭകളിലെ വിമതരെയും അസംതൃപ്തരെയും മറ്റും റോമാ സഭയിലേക്ക് എത്തിച്ച് അവരെ കൊണ്ട് റോമാ പോപ്പ് പൊതുതലവൻ എന്ന പൗരസ്ത്യ സഭ ഔദ്യോഗികമായി തള്ളിക്കളഞ്ഞ വാദം പൗരസ്ത്യ സഭയിലെ വിമത വിഭാഗത്തെ കൊണ്ട് അംഗീകരിപ്പിച്ച് അവരെ പോപ്പിനു കീഴിൽ ഒരു റീത്തായി നിർത്തുകയായിരുന്നു. എന്നാൽ റീത്ത് വിശ്വാസികൾ ഇതിനെ മയപ്പെടുത്തി പുനരൈക്യം എന്നാണ് വിശേഷിപ്പിക്കുക. എന്നാൽ ഇത് ഒരിക്കലും പുനരൈക്യം ആവില്ല. കാരണം റോമാ പോപ്പിനെ പൊതുതലവൻ ആയി അംഗീകരിച്ചുകൊണ്ടുള്ള ഒരു ഐക്യം പൗരസ്ത്യ സഭയും പാശ്ചാത്യ സഭയും തമ്മിൽ ഇതിന് മുമ്പ് നിലവിലില്ലായിരുന്നതിനാൽ പൗരസ്ത്യ സഭയുടെ ഔദ്യോഗിക നിലപാടിനു വിരുദ്ധമായി സഭയിലെ വിമതരും അസംതൃപ്തരും പാശ്ചാത്യ സഭയോട് ചേർന്ന് റോമാ പോപ്പ് ക്രൈസ്തവ സഭയുടെ പൊതു സഭാതലവൻ എന്ന അവകാശവാദം അംഗീകരിച്ചാൽ അതിനെ പുനരൈക്യം എന്ന് വിളിക്കാൻ കഴിയില്ല. ഒരു സംഘടനയുടെയോ കൂട്ടായ്മയുടെയോ ഔദ്യോഗിക നിലപാടിനു വിരുദ്ധമായി ആ സംഘടനയുടെയോ കൂട്ടായ്മയുടെയോ ഉള്ളിലുള്ളവർ നിലപാടെടുത്താൽ അവരെ വിമതന്മാരായിട്ടാണ് കണക്കാക്കേണ്ടത്. യഥാർത്ഥത്തിൽ പൗരസ്ത്യ സഭയിൽ വിമതസ്വരം ഉയർത്തികൊണ്ട് പാശ്ചാത്യ സഭയോട് ചേർന്നവരാണ് യൂണിയേറ്റ് റീത്തുകൾ .

ഇപ്രകായം പൗരസ്ത്യ സഭയിൽ നിന്നും പാശ്ചാത്യ സഭയിലേക്ക് മാറി റോമാ പോപ്പിന്റെ അപ്രമാധിത്വവും പൊതുതലവൻ എന്ന വാദവും അംഗീകരിച്ച 23 റീത്തുകളാണ് നിലവിൽ ഉള്ളത്. ഇനി രസകരമായ ഒരു സംഗതി എന്തെന്നാൽ വിമതരുടെ ഇടയിലും വിഭാഗീയത ഉണ്ടെന്നുള്ളതാണ്. ഒരേ പാരമ്പര്യവും ചരിത്രവും ഉള്ളവർ തന്നെ ഒന്നിലധികം റീത്തായി നിലകൊള്ളുന്നു എന്നത് റീത്തുകൾ തമ്മിലുള്ള വിഭിഗീയതയെയും അധികാരമോഹത്തെയുമാണ് തുറന്നു കാട്ടുന്നത്.ഉദാഹരണത്തിന് അന്ത്യോഖ്യൻ സുറിയാനി സഭയിൽ രണ്ട് യൂണിയേറ്റ് റീത്തുകൾ ഉണ്ട്. മാറോനീത്ത റീത്തും അന്ത്യോഖ്യൻ സുറിയാനി കത്തോലിക്ക റീത്തും. ഇവർ ഒരേ റീത്താണെങ്കിലും രണ്ടായിട്ടാണ് റോമൻ കത്തോലിക്ക കൂട്ടായ്മയിൽ നിൽക്കുന്നത് . എന്താണ് കാരണം എന്ന് ചോദിച്ചാൽ അതിന്റെ ഉത്തരം അധികാരതർക്കം മാത്രമാണെന്ന് പറയേണ്ടി വരും.

ഇൻഡ്യയിലും സ്ഥിതി ഏകദേശം ഇപ്രകാരം തന്നെയാണ്. ഇവിടെയും സുറിയാനി പാരമ്പര്യം എന്നവകാശപ്പെടുന്ന രണ്ട് റീത്തുകളുണ്ട്. സീറോ മലങ്കര റീത്തും, സീറോ മലബാർ റീത്തും. അന്ത്യോഖ്യയിലെ പോലെ ഇവ രണ്ടും ഒരേ റീത്തല്ല. ഒന്ന് കൽദായ സുറിയാനിയും മറ്റേത് പാശ്ചാത്യ സുറിയാനിയുമാണ് ആരാധനാ ഭാഷയായി ഉപയോഗിക്കുന്നത് . എന്നാൽ ഈ കാരണം കൊണ്ട് മാത്രം ഇവ രണ്ടിനെയും രണ്ടു വ്യത്യസ്ത റീത്തുകളായി നിലനിർത്തുന്നതിൽ യാതൊരു അർത്ഥവുമില്ല കാരണം സീറോ മലബാർ സഭയിൽ തന്നെ പാശ്ചാത്യ സുറിയാനി ആരാധനക്രമം ഉപയോഗിക്കുന്നവരുണ്ട്. 1921 ൽ ക്നാനായ യാക്കോബായ സഭയിലെ ഒറ്റത്തെക്കൽ തോമാക്കത്തനാർ പാശ്ചാത്യ സുറിയാനി ആരാധനക്രമം ഉപയോഗിക്കാൻ റോമിൽ നിന്ന് അനുമതി വാങ്ങി സീറോ മലബാർ റീത്തിൽ ചേർന്നിരുന്നു. അതിന്റെ ഫലമായി സീറോ മലബാർ റീത്തിനുള്ളിൽ തന്നെ കോട്ടയം അതിരൂപതയിൽ ഈ രണ്ട് ആരാധനക്രമവും ഉപയോഗിക്കുന്ന വിഭാഗങ്ങൾ ഉണ്ട്. അതിനാൽ തന്നെ രണ്ട് ആരാധനക്രമങ്ങൾ ആയതിനാൽ സീറോ മലബാറിനെയും സീറോ മലങ്കര റീത്തിനെയും രണ്ടു വ്യത്യസ്ത റീത്തായി ഇപ്പോളും നിലനിർത്തുന്നതിൽ അധികാരമോഹം എന്ന ഒരൊറ്റ കാരണം മാത്രമാണുണ്ടാകുക.

പാശ്ചാത്യ സഭയും പൗരസ്ത്യ സഭകളും തമ്മിൽ 1054 ൽ പരിപൂർണമായും വേർപിരിഞ്ഞതാണ്. വേർപിരിയലിനു കാരണമായത് വിശ്വാസപരവും രാഷ്ട്രീയ പരവുമായ കാര്യങ്ങളാണ്. ഈ തർക്കവിഷയങ്ങൾ പരസ്പര സംവാദങ്ങളിലൂടെ ചർച്ച ചെയ്ത് പരിഹരിച്ചെങ്കിൽ മാത്രമേ പാശ്ചാത്യ പൗരസ്ത്യ ഭിന്നത അവസാനിക്കുകയുള്ളൂ. പൗരസ്ത്യ സഭകളിൽ നിന്നും ഭാഗ്യാന്വേഷികളെ വശത്താക്കി യൂണിയേറ്റ് റീത്തുകൾ സ്ഥാപിച്ചത് പാശ്ചാത്യ സഭയും പൗരസ്ത്യ സഭയും തമ്മിലുള്ള ഭിന്നത കൂടുതൽ വഷളാക്കി എന്ന തിരിച്ചറിവിൽ രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ പൗരസ്ത്യ സഭകളുമായുള്ള തർക്കങ്ങൾ പരിഹരിക്കാൻ വേദശാസ്ത്ര സംവാദങ്ങൾ ആരംഭിക്കാൻ റോമാ സഭ തീരുമാനിക്കുകയും അതിന്റെ ഫലമായി ഔദ്യോഗികമായി പാശ്ചാത്യ പൗരസ്ത്യ സഭകൾ തമ്മിൽ വേദശാസ്ത്ര സംവാദങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇപ്രകാരം ആരംഭിച്ച വേദശാസ്ത്ര സംവാദങ്ങളുടെ ഭാഗമായി റോമൻ സഭയുടെ വേദശാസ്ത്ര കമ്മീഷനും ഈസ്റ്റേൺ ഓർത്തഡോക്സ് സഭയുമായി 1993 ൽ ലബനനിൽ വച്ച് നടന്ന ഏഴാം പ്ളീനറി സമ്മേളത്തിൽ വച്ച് തയാറാക്കിയ ബലാമണ്ട് റിപ്പോർട്ടിന്റെ ഏഴാമത്തെ പോയിന്റ് ഇതാണ് "In the course of the centuries various attempts were made to re-establish unity. They sought to achieve this end through different ways, at times conciliar, according to the political, historical, theological and spiritual situation of each period. Unfortunately, none of these efforts succeeded in re-establishing full communion between the Church of the West and the Church of the East, and at times even made oppositions more acute. "

അദ്ധ്യായം 2
മാർ ഈവാനിയോസിന്റെ പുനരൈക്യം



പൗരസ്ത്യ സഭകളിൽ നിന്നും റോമൻ കത്തോലിക്ക സഭയിലേക്ക് പോകുന്ന വിമതരായ പുരോഹിതരുടെ ചുവടുമാറ്റത്തെ "പുനരൈക്യം" എന്ന മഹത്തായ പദം കൊണ്ട് വർണിക്കുന്നതിലെ യുക്തിരാഹിത്യം ആണ് നമ്മൾ ഇതുവരെ പരിശോധിച്ചത്. തികച്ചും ഭാഗ്യാന്വേഷികളായ ഇത്തരക്കാരുടെ കാലുമാറ്റത്തെ പുനരൈക്യം എന്ന പേര് ചാർത്തി ലഘൂകരിക്കുന്നത് ചരിത്ര സത്യങ്ങളോടുള്ള അവഹേളനമായിട്ടേ കരുതാൻ സാധിക്കൂ.

മലങ്കര കത്തോലിക്ക സഭയിലെ ചരിത്രകാരന്മാർ എന്നാൽ മാർ ഈവാനിയോസിന്റെ ചുവടുമാറ്റത്തേ അതിമഹത്തായ ഒരു ചരിത്രസംഭവമായിട്ടാണ് അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.

റോമാ സഭയിലേക്കുള്ള ചുവടുമാറ്റത്തെ ചരിത്ര സംഭവമായും അപ്രകാരം ഒരു അവസരം സാദ്ധ്യമാക്കിയത് ഈവാനിയോസ് മെത്രാന്റെ അതിവൈദഗ്ദ്യവും വൈഭവവും പരിജ്ഞാനാവും കൊണ്ടാണെന്നൊക്കെ വിവരിച്ച് വളരെ അതിശയോക്തി പരമായി ഇതിനെ അവതരിപ്പിക്കാനാണ് മലങ്കര കത്തോലിക്ക സഭയുടെ ചരിത്രകാരന്മാർ എപ്പോളും ശ്രമിച്ചിട്ടുള്ളത്.

എന്നാൽ എന്തെങ്കിലും ചരിത്രപരമായ പ്രാധാന്യം ഉള്ള ഒന്നാണോ ഇത്. നമുക്ക് പരിശോധിക്കാം. റോമാ സഭയിലേക്ക് ഒരു പൗരസ്ത്യ അപോസ്തോലിക സഭയിലെ പുരോഹിതൻ ചുവടു മാറ്റുന്നതും അപ്രകാരം ഒരു റീത്ത് സ്ഥാപിക്കപ്പെടുന്നതുമായ പ്രക്രിയയെ യൂണിയേറ്റിസം എന്നാണ് വിളിക്കുക. ഇപ്രകാരം ഒരു റീത്ത് സ്ഥാപിക്കുന്നതിന് വലിയ വൈദഗ്ദ്യമോ പരിജ്ഞാനമോ യഥാർത്ഥത്തിൽ ആവശ്യമുണ്ടോ ??

ഇല്ല എന്നാണ് ചരിത്രം പറയുന്നത്. റോമൻ പോപ്പിന്റെ 'പൊതുതലവൻ' തലവൻ എന്ന അവകാശവാദം അംഗീകരിക്കുകയും തങ്ങൾ ഇത് അംഗീകരിച്ചു എന്ന് റോമിനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്താൽ മാത്രം മതിയാകും ഒരു യൂണിയേറ്റ് റീത്ത് സ്ഥാപിച്ചെടുക്കാൻ. 1921 ൽ ക്നാനായ യാക്കോബായ സഭയുടെ ഒറ്റത്തെക്കൽ തോമാക്കത്തനാർ ഈ സംഭവം ഭാഗീകമായി സാദ്ധ്യമാക്കിയതുമാണ്. അടിസ്ഥാന വിദ്യാഭ്യാസവും അറിവും മാത്രവുമുള്ള ഒരു സാധാരണ വൈദീകൻ 1921 ൽ സാദ്ധ്യമാക്കിയ ഒന്നാണിത് എന്ന യാഥാർത്ഥ്യം നാം പരിശോധിച്ചാൽ ഒരു റീത്ത് സ്ഥാപനത്തെ ചരിത്ര സംഭവമായി പർവതീകരിച്ചു കാണിക്കുന്നത് എത്രയോ ബാലിശമായ സംഗതിയാണെന്ന് മനസിലാകും.

1921 ൽ തന്നെ ഈ റീത്ത് ഭാഗീകമായി സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. മാർ ഈവാനിയോസ് അതിന്റെ കൂടെ ഒരു ഹയറാർക്കി കൂടെ സ്ഥാപിച്ചെടുത്തു എന്നു മാത്രം. എന്തിനായിരുന്നു ഈ ഹയറാർക്കി സ്ഥാപനം?. പ്രത്യേകം ഹയറാർക്കി ഇല്ലാതെ തന്നെ സീറോ മലബാർ സഭയിൽ ചേർന്ന് പാശ്ചാത്യ സുറിയാനി ക്രമം പിന്തുടരുന്നു കൊണ്ട് തന്നെ ഒരു പ്രത്യേക റീത്തായി നിൽക്കാൻ സാധിക്കും എന്നിരിക്കെ ഒരു ഹയറാർക്കി തന്നെ വേണം എന്ന് വാശിപിടിച്ചത് അധികാരമോഹം എന്നല്ലാതെ എന്ത് പറയാൻ. മലങ്കര സഭാ ചരിത്രത്തിൽ ഒരു പിളർപ്പു കൂടെ സൃഷ്ടിച്ച് ഒരു സഭ കൂടെ സ്ഥാപിതമാവാൻ പ്രയത്നിച്ച മാർ ഈവാനിയോസിനെ സഭൈക്യത്തിന്റെ അംബാസഡറായി മലങ്കര കത്തോലിക്കർ ഉയർത്തിക്കാട്ടുന്നതിനെ എന്തിനോട് ഉപമിക്കണം എന്നത് വായനക്കാരുടെ യുക്തിക്ക് വിടുന്നു.

അദ്ധ്യായം 3
മാർ ഈവാനിയോസും മലങ്കര സഭയും

മാവേലിക്കരയിലെ പ്രസിദ്ധമായ നസ്രാണി കുടുംബമായ പണിക്കർവീട്ടിൽ തോമാപണിക്കരുടെയും അന്നാമ്മയുടെയും മകനായിട്ടാണ് ഗീവർഗീസ് പണിക്കർ (പിന്നീട് മാർ ഈവാനിയോസ്) ജനിച്ചത്. മലങ്കര മെത്രാപോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് ദീവന്നാസിയോസ് രണ്ടാമൻ തിരുമേനി മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് യാദൃശ്ചികമായി കണ്ടു മുട്ടിയ ഗീവർഗീസിനെ സഭാ വേലക്കായി ക്ഷണിക്കുകയായിരുന്നു. അപ്രകാരം പഴയസെമിനാരിയിൽ എത്തിയ ഗീവർഗീസ് പണിക്കർ മലങ്കര മൽപാനായിരുന്ന വട്ടശേരിൽ ഗീവർഗീസ് മൽപാന്റെ ശിക്ഷണത്തിലും മലങ്കര മെത്രാപോലീത്ത പുലിക്കോട്ടിൽ തിരുമേനിയുടെ അനുഗ്രഹാശിസിലും അടിസ്ഥാന വൈദീക പഠനവും സെകുലർ വിദ്യാഭ്യാസവും പൂർത്തിയാക്കി.

ശേഷം വട്ടശേരിൽ മൽപാന്റെ പ്രത്യേകം താൽപര്യത്തിൽ കോട്ടയം സി എം എസ് കോളേജ് , മദ്രാസ് ക്രിസ്ത്യൻ കോളേജ് എന്നിവിടങ്ങളിൽ നിന്നും ബിരുദവും ബിരുദാനന്തര ബിരുദവും സമ്പാദിച്ച ശേഷം പി ടി ഗീവർഗീസ് പഴയസെമിനാരിയിൽ മടങ്ങിയെത്തി. അദ്ദേഹത്തിന്റെ പഠനത്തിലുള്ള ചിലവുകൾ എല്ലാം വഹിച്ചത് മലങ്കര സഭയാണ്. തന്റെ ആത്മകഥയായ "ഗിരിദീപം " എന്ന പുസ്തകത്തിൽ മാർ ഈവാനിയോസ് തന്നെ ഇത് വ്യക്തമാക്കുന്നുണ്ട്. മലങ്കര സഭ പണം മുടക്കി പഠിപ്പിച്ച ആദ്യത്തെ വൈദീക വിദ്യാർത്ഥി ഒരുപക്ഷേ ഏക പണിക്കരുവീട്ടിൽ ഗീവർഗീസ് ശെമ്മാശൻ ആവാം. സാമ്പത്തിക ബുദ്ധിമുട്ടിന്നിടയിലും സമുദായം ഒരു വൈദീക വിദ്യാർത്ഥിയെ പണം മുടക്കി പഠിപ്പിച്ചു എന്നത് മലങ്കര സഭ എത്രത്തോളം പ്രതീക്ഷ ആ വ്യക്തിയിൽ അർപ്പിച്ചിരുന്നു എന്നതിന്റെ ഒരു നേർക്കാഴ്ചയാണ്. മദ്രാസിൽ നിന്നും MA വിദ്യാഭ്യാസം കഴിഞ്ഞ് മടങ്ങി വന്ന ഗീവർഗീസ് ശെമ്മാശനെ വട്ടശേരിൽ തിരുമേനി കോട്ടയം MD സ്കൂളിന്റെ പിൻസിപ്പലായി നിയമിച്ചു.
അക്കാലം വരെ MD സ്കൂളിന്റെ പ്രിൻസിപ്പാൾ ആയിരുന്നത് കണ്ടത്തിൽ മാമൻ മാപ്പിള ആയിരുന്നു. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിന് അൽമായരേക്കാൾ സംഭാവന നൽകാൻ കഴിയുക പുരോഹിതർക്കാണെന്ന് വിശ്വസിച്ച വട്ടശേരിൽ തിരുമേനി മാമൻ മാപ്പിളയെ നിഷ്കരുണം MD സെമിനാരി പ്രിൻസിപ്പാൾ സ്ഥാനത്ത് നിന്ന് മാറ്റി പകരം ഗീവർഗീസ് ശെമ്മാശനെ നിയമിക്കുകയായിരുന്നു. എന്നാൽ വട്ടശേരിൽ തിരുമേനിയുടെ കണക്കുകൂട്ടൽ പൂർണമായി തെറ്റിയെന്നാണ് പിന്നീടുള്ള ചരിത്രം വ്യക്തമാക്കുന്നത്. തഴയപ്പെട്ടു എങ്കിലും മലങ്കര സഭയുടെ സന്നിഗ്ദഘട്ടങ്ങളിൽ മലങ്കര മെത്രാപോലീത്താക്ക് ഒപ്പം നിന്ന് പോരാടാൻ മാമൻ മാപ്പിള ഉണ്ടായിരുന്നു . എന്നാൽ പ്രതീക്ഷയോടെ മലങ്കര സഭ നോക്കിക്കണ്ട ഗീവർഗീസ് ശെമ്മാശനോ ??

അദ്ധ്യായം 4
ബഥനി ആശ്രമസ്ഥാപനം



MD സ്കൂളിന്റെ പ്രിൻസിപ്പാൾ ആയിരിക്കുന്ന അവസരത്തിലാണ് ഹവ്വൽസ് എന്ന ആംഗ്ളിക്കൻ മിഷണറി ഫാ പി ടി ഗീവർഗീസിനെ സെറാംപൂർ യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപനം നടത്തുന്നതിനായി ക്ഷണിക്കുന്നത്. അപ്രകാരം സെറാംപൂർ യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകനായിരിക്കുമ്പോൾ ഫാ പി ടി ഗീവർഗീസ് മലങ്കര സഭയിലെ നിരവധി ആളുകളെ സെറാംപൂരിൽ കൊണ്ടുപോയി പഠിപ്പിക്കുന്നതിനായി ശ്രമിച്ചിരുന്നു. അപ്രകാരം സെറാംപൂരിൽ ആയിരിക്കുമ്പോൾ ഫാ പി ടി ഗീവർഗീസിന്റെ മനസിൽ ഉദിച്ച ആശയമാണ് മലങ്കര സഭക്കും ഒരു ആശ്രമ പ്രസ്ഥാനം ഉണ്ടാവണം എന്നത്. വിഷയം മലങ്കര മെത്രാപോലീത്ത ആയിരുന്ന വട്ടശേരിൽ തിരുമേനിയെ അറിയിച്ചപ്പോൾ അദ്ദേഹവും ഈ ആശയത്തിന് പിന്തുണ നൽകി. മലങ്കര സഭയിലെ അൽമായ പ്രമുഖനായിരുന്ന ഇലഞ്ഞിക്കൽ ജോൺ വക്കീൽ ഈ ആവശ്യത്തിലേക്കായി 100 ഏക്കർ ഭൂമി റാന്നി പെരുന്നാട്ടിൽ സംഭാവനയായി നൽകാം എന്നേറ്റതോടെ ആശ്രമസ്ഥാപനം എന്ന ആശയം കരുത്തോടെ മുന്നോട്ടു പോയി.

പെരുനാട് മുണ്ടൻമലയിൽ ജോൺ വക്കീൽ നൽകിയ 100 ഏക്കർ സ്ഥലം ആശ്രമത്തിനനുയോജ്യമായ രീതിയിൽ പാകപ്പെടുത്താൻ മട്ടക്കൽ അലക്സിയോസ് ശെമ്മാശനാണ് നിയോഗിക്കപ്പെട്ടത്. അങ്ങനെ മുണ്ടൻമലയിൽ ആശ്രമവാസിയായി ആദ്യം താമസം തുടങ്ങിയത് മട്ടക്കൽ അലക്സിയോസ് അച്ചനും ഉമ്മൻ വാദ്ധ്യാരും (പിന്നീട് ബർസ്കീപ്പ ഒ ഐ സി) ആണെന്ന് ഗിരിദീപത്തിൽ ഈവാനിയോസ് മെത്രാൻ തന്നെ വിവരിച്ചിട്ടുണ്ട് .

ജോൺ വക്കീൽ നൽകിയ 100 ഏക്കറിനോട് ചേർന്നു കിടക്കുന്ന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 300 ഏക്കർ ഭൂമി കൂടെ ആശ്രമത്തിനായി ആർജിച്ചെടുക്കണം എന്ന ചിന്തയുണ്ടായപ്പോൾ അതിനായി സർക്കാരിൽ സ്വാധീനം ചെലുത്തിയത് കെ സി മാമൻ മാപ്പിളയാണ്. ഭൂമി പതിച്ചു വാങ്ങാനായി ഒരു നിസാര തുക ഗവൺമെന്റിൽ കെട്ടിവക്കേണ്ടി വന്നു. ഈവാനിയോസ് മെത്രാന്റെ പിതാവാണ് ഈ പണം നൽകിയത് എന്ന് മലങ്കര കത്തോലിക്ക ചരിത്രകാരന്മാർ മനപൂർവം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഗിരിദീപത്തിൽ ഈവാനിയോസ് മെത്രാൻ തന്നെ വിവരിക്കുന്നുണ്ട് ഈ പണം കടമായാണ് വാങ്ങിയത് എന്ന്. മാവേലിക്കരയിലുള്ള ഒരു തമ്പുരാന്റെ പക്കൽ നിന്നും കടംവാങ്ങാനാണ് ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ പണം നൽകേണ്ട സമയം ആയപ്പോൾ

ആകസ്മികമായി ഇദ്ദേഹം മരണപ്പെടുകയും അങ്ങനെ പണം ലഭിക്കാതെ വരികയും ചെയ്തപ്പോൾ ഈവാനിയോസ് മെത്രാന്റെ അനുജൻ മത്തായി പണിക്കർ ആണ് അപ്പന്റെ കൈവശം ചിട്ടി പിടിച്ച പണം ഉണ്ട് എന്നും ആവശ്യപ്പെട്ടാൽ അപ്പൻ പണം തരും എന്നും അറിയിച്ചത്. അങ്ങനെ ഈവാനിയോസ് മെത്രാന്റെ അപ്പന്റെ കയ്യിൽ നിന്നും പണം കടമായി വാങ്ങിയാണ് ഗവൺമെന്റിലേക്ക് അടച്ച് ഭൂമി വാങ്ങിയത് എന്ന് ഗിരിദീപത്തിൽ തന്നെ പറയുന്നു. (ഗിരിദീപം പേജ് 72,73)

നിസാര പണം ആണ് ഗവൺമെന്റിലേക്ക് അടക്കേണ്ടി വന്നത്. പതിച്ച് കിട്ടിയ ഭൂമിയിൽ നിരവധി വിലപിടിപ്പുള്ള മരങ്ങൾ ഉണ്ടായിരുന്നതിനാൽ അത് വെട്ടി വിറ്റ് കിട്ടിയ പണം കൊണ്ട് ഈവാനിയോസ് മെത്രാന്റെ പിതാവിന്റെ കയ്യിൽ നിന്നും കടമായി വാങ്ങിയ പണം തിരികെ നൽകി കടം വീട്ടിയിരുന്നു. വിഖ്യാതമായ ബഥനി കേസിൽ കോടതിയും ഈ വിഷയം പരിശോധിച്ചിരുന്നു. ആയതിനാൽ ബഥനി ആശ്രമത്തിനായി മുണ്ടൻമലയിൽ 300 ഏക്കർ സർക്കാരിൽ നിന്നും വാങ്ങിയത് ഈവാനിയോസ് മെത്രാന്റെ കുടുംബസ്വത്തുപയോഗിച്ചാണ് എന്നുള്ള മലങ്കര കത്തോലിക്ക ചരിത്രകാരന്മാരുടെ പ്രചരണം തികച്ചും അസംബന്ധം ആണ്.

അദ്ധ്യായം 5
റഹ്മാനി പാത്രികീസും പരുമല സുന്നഹദോസും കത്തിടപാടുകളും



1925 ൽ പരിശുദ്ധ ഗീവർഗീസ് പ്രഥമൻ കാതോലിക്ക ബാവായാൽ ബഥനി ആശ്രമത്തിന്റെ എപ്പിസ്കോപ്പയായി ഫാ പി ടി ഗീവർഗീസ് വാഴിക്കപ്പെട്ടു. ഗീവർഗീസ് മാർ ഈവാനിയോസ് എന്ന നാമത്തിലാണ് അദ്ദേഹം എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ടത്. മലങ്കര സഭയിലെ തർക്കങ്ങൾ പരിഹരിക്കാൻ പരിശുദ്ധ പാത്രികീസ് ബാവായെ സന്ദർശിക്കാൻ സിറിയയിലേക്ക് പോയ അവസരത്തിൽ അവിടുത്തെ അന്ത്യോഖ്യൻ കത്തോലിക്ക റീത്തിന്റെ തലവൻ റഹ്മാനി പാത്രികീസുമായി വട്ടശേരിൽ തിരുമേനി സൗഹൃദ സന്ദർശനം നടത്തിയിരുന്നു. ശേഷം മലങ്കരയിലേക്ക് മടങ്ങിയെത്തിയ വട്ടശേരിൽ തിരുമേനിക്ക് റഹ്മാനി പാത്രികീസ് ഒരു കത്തയച്ചു എന്നും വട്ടശേരിൽ തിരുമേനിയേയും മലങ്കര സഭയെയും റോമാ സഭയിലേക്ക് ക്ഷണിക്കുക ആയിരുന്നു കത്തിന്റെ ഉള്ളടക്കത്തിൽ എന്നും മലങ്കര കത്തോലിക്ക ചരിത്രകാരന്മാർ പ്രചരിപ്പിക്കുന്നു.മലങ്കര കത്തോലിക്ക സഭയിലെ തോമസ് ഇഞ്ചക്കലോടി അച്ചൻ എഴുതിയ മാർ ഈവാനിയോസ് മെത്രാന്റെ ജീവചരിത്രം volume 1 പേജ് 286 , 287 ൽ പറയുന്നു റഹ്മാനി പാത്രികീസിന്റെ കത്തിന് മറുപടി അയക്കുന്നതിനായി വട്ടശേരിൽ തിരുമേനി മാർ ഈവാനിയോസ് മെത്രാനെ ചുമതലപ്പെടുത്തി എന്നും ചുമതലപ്പെടുത്തിയ ശേഷം വട്ടശേരിൽ തിരുമേനി മാർ ഈവാനിയോസ് മെത്രനോട് ഇപ്രകാരം പറഞ്ഞു. യോജിക്കുന്നതിന് എനിക്ക് സമ്മതമാണ്" (Page 287 ,Mar Ivanios , Volume 1 . Fr തോമസ് ഇഞ്ചക്കലോടി).

ഇവിടെ വട്ടശേരിൽ തിരുമേനി റോമൻ സഭയുമായുള്ള യോജിപ്പിന് സമ്മതമാണെന്ന് പറഞ്ഞതായി ഫാ തോമസ് ഇഞ്ചക്കലോടി അദ്ദേഹത്തിന്റെ ആർച്ചുബിഷപ് മാർ ഈവാനിയോസ് എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു. അതു പ്രകാരം വട്ടശേരിൽ തിരുമേനിയുടെ മൗനാനുവാദത്തോടെ പരുമലയിൽ സുന്നഹദോസ് കൂടി റോമാ ഐക്യത്തിനുള്ള തീരുമാനം എടുത്തു അതിനായി ബഥനി മെത്രാൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി എന്നും ഗ്രന്ഥകാരൻ പറഞ്ഞു വക്കുന്നു.

ഇതിലെ സത്യാവസ്ഥ എന്തെന്ന് നമുക്ക് പിന്നീട് പരിശോധിക്കാം. എന്തായാലും ഈ ഗ്രന്ഥത്തിൽ തന്നെ 334 ആം പേജിൽ ഈ റോമൻ കത്തോലിക്ക ഐക്യത്തിനുള്ള സുന്നഹദോസ് തീരുമാനം വട്ടശേരിൽ തിരുമേനിയെ അറിയിച്ചിരുന്നില്ല എന്നും കാര്യങ്ങൾ സുഗമമാക്കിയ ശേഷം മാത്രം വട്ടശേരിൽ തിരുമേനിയെ അറിയിച്ചാൽ മതി എന്നു തീരുമാനിച്ചതായും പറയുന്നു (Mar Ivanios Volume 1 Page 334)

ഇവിടെ റോമാ സഭയുമായുള്ള ഐക്യത്തിനു സമ്മതമാണെന്ന് അറിയിച്ച വട്ടശേരിൽ തിരുമേനിയെ എന്തുകൊണ്ട് അപ്രകാരം ഒരു സുന്നഹദോസ് തീരുമാനം എടുത്തപ്പോൾ അറിയിച്ചില്ല എന്ന ചോദ്യം പ്രസക്തമാണ്. റോമാ സഭയുമായി ഐക്യത്തിനു ആദ്യം സമ്മതം മൂളിയത് വട്ടശേരിൽ തിരുമേനി ആണെന്ന് ഒരിടത്ത് പറയുകയും എന്നാൽ അതൊരു സുന്നഹദോസ് തീരുമാനം ആയപ്പോൾ അദ്ദേഹത്തെ അതറിയിച്ചില്ല എന്നു പറയുന്നതും വൈരുദ്ധ്യം അല്ലേ. മലങ്കര സഭയുടെ സുന്നഹദോസിന്റെ അദ്ധ്യക്ഷൻ അല്ലേ അദ്ദേഹം . അപ്പോൾ അദ്ധ്യക്ഷനെയല്ലേ അത് ആദ്യം അറിയിക്കേണ്ടത്. അദ്ധ്യക്ഷന്റെ അസാന്നിദ്ധ്യത്തിൽ എങ്ങനെ സുന്നഹദോസ് കൂടാൻ കഴിയും. ഇനി പ്രത്യേക സാഹചര്യത്തിൽ അങ്ങനെ കൂടേണ്ടി വന്നു എന്നിരിക്കട്ടേ. ഇത്രയും അതി നിർണായകമായ ഒരു തീരുമാനം അദ്ദേഹത്തെ അറിയിക്കേണ്ട എന്ന് തീരുമാനിക്കാൻ കാരണം.

മലങ്കര കത്തോലിക്കരുടെ വാദങ്ങൾ എന്തുകൊണ്ടാണ് ഇത്രയും പരസ്പര വിരുദ്ധമായി മാറുന്നത് ?

സത്യത്തിൽ പരുമലയിൽ ഇപ്രകാരം ഒരു സുന്നഹദോസ് കൂടുകയോ ഇപ്രകാരം ഒരു തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല . അത് നമുക്ക് വരുന്ന അദ്ധ്യായങ്ങളിൽ കൃത്യമായി തെളിയിക്കാം.

ഇല്ലാത്ത ഒരു സുന്നഹദോസും സുന്നഹദോസ് തീരുമാനവും ഉണ്ടാക്കി എടുക്കാൻ ശ്രമിക്കുമ്പോളാണ് ഇവിടെ കാര്യങ്ങൾ പരസ്പരവിരുദ്ധങ്ങൾ ആവുന്നത്.

സത്യത്തിൽ റോമാ സഭയുമായി ഒരു ഐക്യത്തെ കുറിച്ച് ആലോചിക്കരുതോ എന്നൊരു നിർദേശം മാർ ഈവാനിയോസ് ഗീവർഗീസ് പ്രഥമൻ ബാവായുടെയും കല്ലാശേരിൽ ഗ്രീഗോറിയോസ് തിരുമേനിയുടെയും മുമ്പാകെ വക്കുകയായിരുന്നു. എന്നാൽ നിരവധി വിശ്വാസ വൈരുദ്ധ്യങ്ങളും റോമൻ പോപ്പിന്റെ പൊതുതലവൻ എന്ന വാദം അംഗീകരിക്കാനും കഴിയാത്ത മലങ്കര സഭക്ക് റോമുമായി യാതൊരു ഐക്യത്തിലും എത്താൻ കഴിയില്ല എന്നറിയാമായിരുന്ന ഗീവർഗീസ് പ്രഥമൻ ബാവായും കല്ലാശേരിൽ തിരുമേനിയും ഈ നിർദേശം നിർദാഷണ്യം തള്ളിക്കളയുകയുമാണ് യാഥാർത്ഥ്യത്തിൽ സംഭവിച്ചത്.

എന്നാൽ ഈവാനിയോസ് മെത്രാൻ സ്വന്തം നിലയിൽ റോമുമായി കത്തിടപാടുകൾ ആരംഭിക്കുകയും റോമുമായി ആശയ വിനിമയം സ്ഥാപിക്കുകയുമാണ് ചെയ്തത്. ഇത് നമുക്ക് വിശദമായി വരുന്ന അദ്ധ്യായങ്ങളിൽ ചർച്ച ചെയ്യാം.

അദ്ധ്യായം 6
പരുമല സുന്നഹദോസ് യാഥാർത്ഥ്യം എന്ത്?

മലങ്കര കത്തോലിക്കർ വ്യാപകമായി പ്രചരിപ്പിക്കുന്ന പരുമല സുന്നഹദോസിന്റെ യാഥാർത്ഥ്യം എന്ത് പരുമലയിൽ അപ്രകാരം ഒരു സുന്നഹദോസ് നടന്നിരുന്നോ? എന്താണ് ഇതിലെ യാഥാർത്ഥ്യം? നമുക്ക് പരിശോധിക്കാം.പരുമല സുന്നഹദോസ് റോമാ ഐക്യത്തിനുള്ള തീരുമാനം എടുത്ത് മാർ ഈവാനിയോസിനെ അതിനായി ചുമതലപ്പെടുത്തി എന്ന മലങ്കര കത്തോലിക്കരുടെ വാദങ്ങൾ പോലും പരസ്പര വൈരുദ്ധ്യം ആണെന്നത് കഴിഞ്ഞ അദ്ധ്യായത്തിൽ നമ്മൾ പരിശോധിച്ചതാണ്. എന്നിരുന്നാലും ഒരു വാദത്തിന് വേണ്ടി ഇപ്രകാരം ഒരു സുന്നഹദോസ് നടന്നു എന്നു തന്നെ സങ്കൽപിക്കുക. സുന്നഹദോസ് റോമൻ സഭയുമായി കത്തിടപാടുകൾ നടത്താൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി എന്നും സങ്കൽപിക്കുക. സുന്നഹദോസ് തീരുമാനപ്രകാരമാണ് മാർ ഈവാനിയോസ് ആദ്യത്തെ കത്ത് റോമിലേക്ക് അയക്കുന്നത് എങ്കിൽ അതൊരു ഔദ്യോഗിക കത്താണ്. ഒരു ഔദ്യോഗിക കത്ത് എപ്രകാരം അയക്കണം എന്ന് അറിയാൻ പാടില്ലാത്ത ആളാണ് ബിരുദാനന്തര ബിരുദധാരിയായ മാർ ഈവാനിയോസ് എന്ന് കരുതാൻ കഴിയില്ലല്ലോ.

അപ്രകാരം ഒരു ഔദ്യോഗിക കത്തെഴുതുമ്പോൾ 'ഇന്ന' സഭയുടെ 'ഇന്ന' ദിവസം കൂടിയ സുന്നഹദോസ് ചുമതലപ്പെടുത്തിയതനുസരിച്ച് ഇന്നവ്യക്തി അയക്കുന്ന കത്ത് എന്ന വ്യക്തമായ മുഖവുരയോടെയാണ് കത്തയക്കേണ്ടത്. എന്നാൽ മാർ ഈവാനിയോസ് റോമിലേക്കയച്ച കത്തിൽ ഇതൊന്നും എഴുതിയിട്ടില്ല എന്നു മാത്രമല്ല കത്തെഴുതിയ സ്വന്തം പേരുപോലും വെളിപെടുത്താൻ മാർ ഈവാനിയോസ് തയാറായില്ല. സത്യത്തിൽ മാർ ഈവാനിയോസ് റോമിലേക്കയച്ച ആദ്യത്തെ കത്ത് ഒരു ഊമക്കത്തായിരുന്നു. കത്തിൽ തന്റെ പേര് വക്കാതെ മാവേലിക്കരയിൽ താമസമാക്കിയ ഫാദർ റൊബാരിയോ എന്ന വൈദീകനെ കത്ത് ഏൽപിക്കുകയായിരുന്നു എന്നു തോമസ് ഇഞ്ചക്കലോടി അച്ചന്റെ Mar Ivanios Volume 1 (പേജ് 320) ൽ പറയുന്നു. ഒരു ഊമക്കത്തിനെ ഔദ്യോഗിക കത്തായി പരിഗണിക്കാൻ തക്കവണ്ണം നമ്മുടെ മാനുഷിക യുക്തി അനുവദിക്കുന്നുണ്ടെങ്കിൽ മാത്രം പരുമല സുന്നഹദോസ് ഒരു യാഥാർത്ഥ്യം ആയിരുന്നു എന്ന് പറയാം . ഇല്ലെങ്കിൽ മറിച്ചും.

ഇനി ഈ കത്തിന്റെ ഉള്ളടക്കത്തിൽ പറയുന്നത് ഇപ്രകാരമാണ് "പുനരൈക്യത്തെ സുസാദ്ധ്യമാക്കുന്നതിന് റോമാ അതിന്റെ പങ്ക് യഥാവിധം നിർവഹിച്ച ശേഷം ഈ സുന്നഹദോസ് കത്തോലിക്ക സഭയുമായുള്ള പുനരൈക്യത്തിൽ പ്രവേശിക്കുവാൻ വിസമ്മതിക്കുമെങ്കിൽ അതിലെ മെത്രാന്മാരിൽ കുറഞ്ഞപക്ഷം ഒരാളെങ്കിലും മാർപാപ്പയുടെ അധികാരത്തിന് കീഴ്വഴങ്ങുന്നതായിരിക്കും (Mar Ivanios Volume 1 പേജ് 324) അതായത് സുന്നഹദോസ് റോമാ സഭയുമായി ഐക്യപ്പെടുമോ എന്നതിന് മാർ ഈവാനിയോസിനു പോലും നിശ്ചയമില്ല. കുറഞ്ഞത് ഒരു മെത്രാനെങ്കിലും അതായത് താൻ മാത്രം ഐക്യപ്പെടും എന്നേ റോമിലേക്കെഴുതിയ ആദ്യത്തെ കത്തിൽ പോലും മാർ ഈവാനിയോസ് ഉറപ്പു പറയുന്നുള്ളൂ. അപ്പോൾ ഈ കത്തെഴുതിയത് സുന്നഹദോസ് ആവശ്യപ്പെട്ടതനുസരിച്ചും

ചുമതലപ്പെടുത്തിയതനുസരിച്ചും ആണെന്ന് പറയുന്നതിലെ യുക്തി രാഹിത്യം എത്രത്തോളമെന്നു ഇനിയും വിശദീകരിക്കേണ്ടതുണ്ടോ ?.

1929 ജനുവരിയിൽ ബഥനിയിൽ നിന്നും പ്രസിദ്ധീകരിച്ച മാർ ഈവാനിയോസ് മെത്രാന്റെ ആത്മകഥയാണ് "ഗിരിദീപം " എന്ന ഗ്രന്ഥം. 1929 ജനുവരി മാസം വരെ തന്റെ ജീവിതത്തിൽ നടന്ന പ്രധാനവും അപ്രധാനവുമായ നിരവധി സംഭവങ്ങൾ ഗിരിദീപത്തിൽ മാർ ഈവാനിയോസ് എഴുതിയിട്ടുണ്ട്. എന്നാൽ ഗിരിദീപത്തിൽ എവിടെയും പരുമല സുന്നഹദോസിനെ കുറിച്ചോ റോമുമായി നടത്തിയ കത്തിടപാടിനെ കുറിച്ചോ ഒരിടത്തും പരാമർശിച്ചിട്ടില്ല. സുന്നഹദോസ് തീരുമാന പ്രകാരവും വട്ടശേരിൽ തിരുമേനിയുടെ മൗനാനുവാദത്തോടെയും നടന്നു എന്നു മലങ്കര കത്തോലിക്കർ പറയുന്ന ഈ റോമുമായുള്ള കത്തിടപാടിനെ കുറിച്ച് ഒരുവരി ഗിരിദീപത്തിൽ എഴുതാൻ എന്തുകൊണ്ട് മാർ ഈവാനിയോസ് തയാറായില്ല. എന്തിന് രഹസ്യമാക്കി വച്ചു.

റോമിലേക്കയച്ച കത്തുകളും അവക്ക് ലഭിച്ച മറുപടിയും പിന്നീട് കൂടിയ സുന്നഹദോസുകളിൽ മാർ ഈവിനിയോസ് അവതരിപ്പിച്ചോ ?. സാധാരണ സുന്നഹദോസ് ഒരു കാര്യം ഭരമേൽപിച്ചാൽ അതിന്റെ പുരോഗതി പിന്നീട് കൂടുന്ന സുന്നഹദോസിൽ വിവരിക്കേണ്ടതല്ലേ. മാർ ഈവാനിയോസ് റോമിൽ നിന്നു ലഭിച്ച മറുപടി കത്തുകൾ സുന്നഹദോസിൽ അവതരിപ്പിക്കാഞ്ഞത് എന്തുകൊണ്ടാണ് ??. എന്തുകൊണ്ടാണ് എല്ലാം രഹസ്യമാക്കി വച്ചത്.

സത്യത്തിൽ മറ്റു മെത്രാന്മാർ ആരും അറിയാതെ മാർ ഈവാനിയോസ് അതീവ രഹസ്യമായിട്ടാണ് കത്തിടപാടുകൾ നടത്തിയതും റോമാ സഭയിലേക്ക് ചേക്കേറിയതും. പിന്നീട് അതിനെ ന്യായീകരിക്കാൻ വ്യാജമായി ഉണ്ടാക്കിയ ഒരു ന്യായീകരണം മാത്രമാണ് പരുമല സുന്നഹദോസ് എന്ന വ്യാജപ്രചരണം എന്നത് തെളിവുകളിലൂടെ വ്യക്തമാകുന്നു.

അദ്ധ്യായം 7
മലങ്കര കത്തോലിക്ക റീത്തിന്റെ നുണപ്രചരണങ്ങൾ

പരുമല സുന്നഹദോസ് മാർ ഈവാനിയോസിനെ റോമുമായുള്ള ഐക്യത്തിനു ചുമതലപ്പെടുത്തി എന്ന മലങ്കര കത്തോലിക്ക റീത്തിന്റെ നുണപ്രചരണത്തിലെ വാസ്തവം എന്ത് എന്നാണ് കഴിഞ്ഞ അദ്ധ്യായത്തിൽ നാം പരിശോധിച്ചത്. എന്നാൽ മലങ്കര റീത്തിന്റെ നുണപ്രചരണങ്ങൾ അവിടെ മാത്രം ഒതുങ്ങുന്നതല്ല. മാർ ഈവാനിയോസിന്റെ സഭാഭ്രംശത്തെ ന്യായീകരിക്കാൻ പിന്നെയും ഒരുപാട് നുണക്കഥകൾ പ്രചരിപ്പിക്കുന്നുണ്ട്. തന്റെ ജീവിത സാഹ്യാന കാലത്ത് മാർ ഈവാനിയോസ് രചിച്ചു എന്നു പറയപ്പെടുന്ന "ആത്മകഥാകഥനം" എന്ന പുസ്തകത്തിൽ ഇത്തരം ധാരാളം നുണക്കഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവ ഓരോന്നായി നമുക്ക് പരിശോധിക്കാം .

മർദീനിൽ നിന്ന് മടങ്ങിയെത്തിയ വട്ടശേരിൽ തിരുമേനിയെ ബോംബെയിൽ പോയി സ്വീകരിച്ചത് ഫാ പി ടി ഗീവർഗീസ് ആയിരുന്നു എന്നും ബോംബെയിൽ നിന്നും നാട്ടിലേക്കുള്ള ട്രയിൻ യാത്രക്കിടയിൽ വട്ടശേരിൽ തിരുമേനി മർദീനിൽ വച്ച് അവിടുത്തെ അന്ത്യോഖ്യൻ കത്തോലിക്ക പാത്രികീസായിരുന്ന റഹ്മാനിയെ സന്ദർശിച്ചു എന്നും അന്ത്യോഖ്യൻ പാത്രികീസുമായുള്ള സന്ധി ചർച്ചകൾ വിഫലമാകുന്ന പക്ഷം റോമൻ കത്തോലിക്ക സഭയുമായുള്ള മലങ്കര സഭയുടെ ഐക്യത്തെകുറിച്ചുള്ള ചർച്ചകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭമായി ബാഗ്ദാദ് മെത്രാപോലീത്തായുമായി പരിചയം സമ്പാദിക്കാൻ വേണ്ടിയാണ് താൻ റഹ്മാനി പാത്രികീസിനെ സന്ദർശിച്ചത് എന്ന് വട്ടശേരിൽ തിരുമേനി ഈവാനിയോസ് മെത്രാനോട് ബോംബെയിൽ നിന്നും നാട്ടിലേക്കുള്ള മടക്കയാത്രയിൽ വെളിപ്പെടുത്തി എന്നതുമാണ് മറ്റൊരു നുണപ്രചരണം (ഫാ തോമസ് ഇഞ്ചക്കലോടി ,Mar Ivanios Volume1, Page 296).

അപ്പോൾ ഇവിടെ സ്വാഭാവികമായും ഉയരുന്ന കുറച്ചു ചോദ്യങ്ങൾ ഉണ്ട്. വട്ടശേരിൽ തിരുമേനി റോമൻ സഭയുമായുള്ള ഐക്യത്തിനു പരിപൂർണ സന്നദ്ധനെന്നാണല്ലോ ഈ സംഭവം വെളിവാക്കുന്നത്. അപ്പോൾ എന്തിന് റോമുമായുള്ള കത്തിടപാടുകൾ മാർ ഈവാനിയോസ് അതീവ രഹസ്യമാക്കി വച്ചു. വട്ടശേരിൽ തിരുമേനിയെ അറിയിച്ചില്ല എന്ന് മാർ ഈവാനിയോസ് തന്നെ റോമിലേക്കയച്ച തന്റെ രണ്ടാമത്തെ കത്തിൽ തുറന്നു സമ്മതിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് അദ്ദേഹത്തെ അറിയിക്കാതിരുന്നത്. റഹ്മാനി പാത്രികീസിന്റെ കഥ സത്യമാണെങ്കിൽ റോമാസഭയോട് യോജിക്കാൻ മാർ ഈവാനിയോസിനേക്കാൾ താൽപര്യം വട്ടശേരിൽ തിരുമേനിക്ക് ആയിരുന്നിരിക്കണമല്ലോ. എന്നിട്ടും എന്തിനാണ് അദ്ദേഹത്തെ അറിയിക്കാതെ രഹസ്യമാക്കി വച്ചത് ?.

1929 ജനുവരിയിൽ പ്രസിദ്ധീകരിച്ച മാർ ഈവാനിയോസിന്റെ ആത്മകഥയായ ഗിരിദീപത്തിൽ ഈ ബോംബെയിൽ പോയി വട്ടശേരിൽ തിരുമേനിയെ സ്വീകരിച്ചു നാട്ടിലേക്ക് ട്രെയിനിൽ വന്ന ചരിത്രം വിശദമായി എഴുതിയിട്ടുണ്ട്. (ഗിരിദീപം, മെത്രാപോലീത്തായുടെ ശീമായാത്രയും അനന്തരഫലങ്ങളും. പേജ് 38,39,40)

എന്തുകൊണ്ടാണ് റമ്പാനി പാത്രികീസിനെ വട്ടശേരിൽ തിരുമേനി കണ്ട കാര്യം ഗിരിദീപത്തിൽ മാർ ഈവാനിയോസ് എഴുതാതിരുന്നത്. 1929 ജനുവരിയിൽ ആണ് ഗിരിദീപം പ്രസിദ്ധീകരിച്ചത്. അതായത് മാർ ഈവാനിയോസ് റോമാസഭയിലേക്ക് പോകാൻ സകല തയാറെടുപ്പുകളും നടത്തി ഒരുങ്ങിയിരിക്കുന്ന സമയത്താണ് ഗിരിദീപം പ്രസിദ്ധീകരിച്ചത്. എന്നാൽ ഗിരിദീപം ഒരു സൂക്ഷ്മ ദർശിനി വച്ചു പരിശോധിച്ചാൽ പോലും അതിന്റെ ഗ്രന്ഥകാരൻ 1 വർഷത്തിനുള്ളിൽ മലങ്കര സഭ വിട്ട് റോമാ സഭയിൽ ചേരും എന്ന് ആരും വിശ്വസിക്കില്ല.

റോമാ സഭയിൽ ചേർന്നതിനു ശേഷം അദ്ദേഹം എഴുതി എന്ന് പറയപ്പെടുന്ന "ആത്മകഥാകഥനം " എന്ന ഗ്രന്ഥത്തിലാണ് ഈ നുണക്കഥകൾ എല്ലാമുള്ളത്. ആത്മകഥാകഥനത്തിൽ പറയുന്നതിൽ എന്തെങ്കിലും യാഥാർത്ഥ്യം ഉണ്ടെങ്കിൽ അത് എന്തുകൊണ്ട് അദ്ദേഹം ഗിരിദീപത്തിൽ എഴുതിയില്ല ?.

ആത്മകഥാകഥനത്തിൽ മാർ ഈവാനിയോസ് എഴുതിച്ചേർത്തതെല്ലാം തന്റെ നിലപാടുമാറ്റത്തെ ന്യായീകരിക്കാൻ വേണ്ടി ചമച്ചുണ്ടാക്കിയ കള്ളക്കഥകൾ ആയിട്ടേ കണക്കാക്കാൻ കഴിയൂ. ഇനി ഇതിൽ ഏതെങ്കിലും ഒരു സംഭവം യഥാർത്ഥത്തിൽ സംഭവിച്ചതാണെങ്കിൽ മാർ ഈവാനിയോസിനെ പോലെ തന്ത്രജ്ഞനായ ഒരാൾ അത് ഗിരിദീപത്തിൽ എഴുതാതെ വിടുമോ ?. റോമാസഭയിലേക്ക് ചേരാനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അവിടുന്നുള്ള ആനുമതിക്കായി മാത്രം കാത്തുനിൽക്കുന്ന സമയത്താണ് മാർ ഈവാനിയോസ് ഗിരിദീപം എഴുതി പ്രസിദ്ധീകരിക്കുന്നത് എന്നത് കൂടെ പ്രത്യേകം ശ്രദ്ധിക്കുക. മുകളിൽ പറഞ്ഞിട്ടുള്ള എന്തെങ്കിലും ഒരു സംഭവം അത് യഥാർത്ഥത്തിൽ നടന്നിട്ടുള്ളതായിരുന്നെങ്കിൽ ആ സംഭവം ഗിരിദീപത്തിൽ കൂടെ പരാമർശിച്ചു പോയിരുന്നെങ്കിൽ അത് മാർ ഈവാനിയോസിനും തന്മൂലം സ്ഥാപിക്കപ്പെടാൻ പോകുന്ന മലങ്കര കത്തോലിക്ക റീത്തിനും തന്റെ നിലപാടു മാറ്റത്തിനു ഭാവിയിൽ നൽകേണ്ടി വരുന്ന വിശദീകരണത്തിന് എത്രമാത്രം ഉപകാരപ്പെടും എന്ന് ചിന്തിക്കാൻ ശേഷിയില്ലാത്ത ആളാണ് മാർ ഈവാനിയോസ് എന്ന് കരുതുക പ്രയാസമാണ്.

അദ്ധ്യായം 8
വട്ടിപ്പണം കേസും മാർ ഈവാനിയോസിന്റെ പുനരൈക്യവും

വട്ടിപ്പണം കേസും മാർ ഈവാനിയോസിന്റെ പുനരൈക്യവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് ചോദിച്ചാൽ ഉണ്ട് എന്നാവും മലങ്കര കത്തോലിക്ക ചരിത്രകാരന്മാരുടെ മറുപടി . പരുമല സുന്നഹദോസിൽ വച്ച് തീരുമാനിച്ച റോമൻ സഭയുമായുള്ള ഐക്യത്തിൽ നിന്നും മാർ ഈവാനിയോസ് ഒഴികെയുള്ള മറ്റു മെത്രാപോലീത്താമാർ പിന്മാറാനുള്ള കാരണം വട്ടിപ്പണം കേസിന്റെ വിധി അനുകൂലമായി വന്നതിനാലാണത്രേ. ഈ പരുമല സുന്നഹദോസ് ഒരു കള്ളച്ചരിത്രം ആണെന്ന് കഴിഞ്ഞ അദ്ധ്യായങ്ങളിൽ നമ്മൾ തെളിയിച്ചു കഴിഞ്ഞതാണ്. ഒരു നുണ സമർത്ഥിക്കാൻ വീണ്ടും ഒരുപാട് നുണകൾ പറയേണ്ടി വരും എന്ന പ്രകൃതി നിയമം ഇവിടെയും പ്രാവർത്തികമാക്കപ്പെടുന്നു. നുണയിലൂടെ ഒരു സുന്നഹദോസ് സൃഷ്ടിച്ച് മലങ്കര സഭയിലെ എല്ലാ മെത്രാന്മാരും റോമുമായുള്ള ഐക്യത്തിനു തയാറായിരുന്നു എന്നു പ്രചരിപ്പിച്ച സ്ഥിതിക്ക് മാർ ഈവാനിയോസ് ഒഴികെ ബാക്കി മെത്രാന്മാർ പിന്മാറിയതിനും ഒരു നുണക്കഥ മെനയണമല്ലോ. അവിടെയാണ് 1928 ജൂലൈ 4 ന് തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്ന് വന്ന വട്ടിപ്പണം കേസിന്റെ അന്തിമ വിധിയെ മാർ ഈവാനിയോസിന്റെ പുനരൈക്യവുമായി ബന്ധപ്പെടുത്തുന്നത്. അനുകൂല വിധി വന്നപ്പോൾ മറ്റു മെത്രാന്മാർ പിന്മാറിയത്രേ. അങ്ങനെ പരുമല സുന്നഹദോസ് എന്ന നുണക്കഥക്ക് വട്ടിപ്പണം വിധി കൊണ്ട് നല്ലൊരു ക്ളൈമാക്സും എഴുതി ചേർത്തു.

ഇനി നമുക്ക് ഇതിലെ സത്യാവസ്ഥ ഒന്നു പരിശോധിക്കാം . മാർ ഈവാനിയോസ് റോമിലേക്കയച്ച ആദ്യകത്തിൽ തന്നെ വ്യംഗമായി സൂചിപ്പിക്കുന്നുണ്ട് മലങ്കര സഭയിൽ നിന്ന് ഒരു മെത്രാൻ മാത്രമേ റോമാ സഭയിൽ ചേരുകയുള്ളൂ എന്ന്. അതിൽ തന്നെ കാര്യങ്ങൾ എല്ലാം വ്യക്തമാണ്. ആ കത്തിലെ ആ ഭാഗം മാത്രം വായിച്ചാൽ മതി സാമാന്യ ബുദ്ധിയുള്ള ഒരാൾക്ക് ഇതിലെ നെല്ലും പതിരും വേർതിരിക്കാൻ. എന്നാൽ ഒരു മെത്രാൻ മാത്രം വരും എന്ന പറഞ്ഞ സ്ഥാനത്ത് ബോണസായി ഒരു മെത്രാനെ കൂടെ റോമാ സഭയിലെത്തിക്കാൻ മാർ ഈവാനിയോസിനു സാധിച്ചു.

ഒരു ചരിത്ര വിദ്യാർത്ഥിക്ക് തികച്ചും ആംകാക്ഷ ഉളവാക്കുന്ന ചില കാര്യങ്ങൾ ഇവിടെ നമുക്ക് കാണാം. മലങ്കര മെത്രാപോലീത്ത അടക്കം 2 മെത്രാന്മാർ മലങ്കര സഭയുടെ 7 ഭദ്രാസനങ്ങളുടെ ചുമതല വഹിക്കുമ്പോൾ ബഥനി ആശ്രമത്തിനു മാത്രമായി രണ്ടാമതൊരു മെത്രാനെ വാഴിക്കേണ്ട ആവശ്യം എന്തായിരുന്നു?. ഇനി ബഥനി ആശ്രമത്തിനായി രണ്ടാമതൊരു മെത്രാനെ കൂടെ വാഴിക്കേണ്ട ആവശ്യം വന്നാൽ തന്നെ അതിനു ബഥനിയിലെ രണ്ടാമനായ മട്ടക്കൽ അലക്സിയോസ് അച്ചനല്ലേ തെരഞ്ഞെടുക്കപ്പെടേണ്ടത്. എന്തുകൊണ്ട് താരതമ്യേന ജൂനിയറായ ജേക്കബ് OIC അച്ചൻ തെരഞ്ഞെടുക്കപ്പെട്ടു?. ജേക്കബ് OIC അച്ചൻ ബഥനിയിലെ മാർ ഈവാനിയോസ് തിരുമേനിയുടെ ആത്മാർത്ഥ സേവകനായിരുന്നതിനാൽ ആണോ മട്ടക്കൽ അലക്സിയോസ് അച്ചനെ മറികടന്ന് ഒളശ ജേക്കബ് OIC അച്ചൻ തെരഞ്ഞെടുക്കപ്പെട്ടത് ??. മാർ ഈവാനിയോസ് റോമാ സഭയിലേക്ക് പോകും എന്ന് നൂറ് ശതമാനം ഉറപ്പായതിനു ശേഷവും ഈവാനിയോസ് മെത്രാന്റെ

ആത്മാർത്ഥ സേവകനെ തന്നെ മെത്രാനാക്കിയത് വലിയൊരു മണ്ടത്തരം ആയിരുന്നില്ലേ ?. അതും മലങ്കര സഭയുടെ വിശ്വസ്ത ദാസനായ മട്ടക്കൽ അച്ചനെ തഴഞ്ഞ് ഈവാനിയോസ് മെത്രാനൊപ്പം റോമാസഭയിലേക്ക് പോകും എന്നുറപ്പിച്ചിരിക്കുന്ന ജേക്കബ് OIC യെ തന്നെ മെത്രാനാക്കിയത് തീർച്ചയായും അബദ്ധം തന്നെ അല്ലേ??. അങ്ങനെ ഒരു ചരിത്ര വിദ്യാർത്ഥിക്ക് അത്യന്തം ആകാംക്ഷ ഉളവാക്കുന്ന നിരവധി ചോദ്യങ്ങൾ ഇവിടെ ഉയർന്നു വരുന്നുണ്ട് .

എന്നാൽ ഈ ചോദ്യങ്ങൾക്കെല്ലാം വ്യക്തമായ ഉത്തരം ഉണ്ട്. മലങ്കര കത്തോലിക്കരുടെ പ്രചരണം വട്ടിപ്പണം വിധി വന്നതോടെ മറ്റു മെത്രാന്മാർ റോമുമായുള്ള ഐക്യത്തിൽ നിന്നു പിന്മാറി എന്നാണല്ലോ. 1928 ജൂലൈ 4 നാണ് വട്ടിപ്പണം വിധി വന്നത് എന്നു പറഞ്ഞല്ലോ. അപ്പോൾ മലങ്കര കത്തോലിക്കരുടെ ചരിത്രം ആനുസരിച്ചാണെങ്കിൽ റോമാസഭയിലേക്ക് പോകാനിരിക്കുന്ന മാർ ഈവാനിയോസിന് വട്ടിപ്പണം കേസിന്റെ വിധി വന്ന 1928 ജൂലൈ 4 നു ശേഷം മലങ്കര സഭക്കുള്ളിൽ യാതൊരു പരിഗണനയും ലഭിക്കരുത്. കാരണം മാർ ഈവാനിയോസ് റോമാ സഭയിലേക്ക് പോവാൻ ഒരുങ്ങിയിരിക്കുകയാണ്. റോമാസഭയിലേക്ക് പോകാൻ ഉറച്ചിരിക്കുന്ന ആളിന് എന്തായാലും മലങ്കര സഭയിൽ യാതൊരു പരിഗണനയും സാമാന്യ അർത്ഥത്തിൽ ലഭിക്കാൻ പാടുള്ളതല്ല.

എന്നാൽ ചരിത്രത്തിൽ മാർ ഈവാനിയോസിന് ഏറ്റവും കൂടുതൽ പരിഗണന മലങ്കര സഭയിൽ ലഭിച്ചത് 1928 ജൂലൈ 4 ലെ വട്ടിപ്പണം വിധിക്ക് ശേഷമാണെന്ന് കാണാൻ കഴിയും. ബഥനിയുടെ എപ്പിസ്കോപ്പ എന്ന നിലയിൽ നിന്നും ഒരു മെത്രാപോലീത്ത എന്ന നിലയിലേക്ക് മാർ ഈവാനിയോസ് ഉയർത്തപ്പെട്ടത് 1929 ഫെബ്രുവരി 14 നാണ്. അദ്ദേഹത്തിന്റെ ആത്മാർത്ഥ സതീർത്ഥ്യൻ ആയ ജേക്കബ് OIC അച്ചൻ ഒരു എപ്പിസ്കോപ്പ ആയി വാഴിക്കപ്പെട്ടത് 1929 ഫെബ്രുവരി 16 നുമാണ്. ഇത് എങ്ങനെ സംഭവിച്ചു. അടുത്ത അദ്ധ്യായത്തിൽ നമുക്ക് ഈ കാര്യം വിശദമായി പരിശോധിക്കാം .

അദ്ധ്യായം 9

മൂന്നാം കാതോലിക്കായുടെ സ്ഥാനാരോഹണവും മാർ ഈവാനിയോസിന്റെ വിലപേശലും



രണ്ടാം കാതോലിക്ക ആയിരുന്ന ഗീവർഗീസ് പ്രഥമൻ ബാവ ആകസ്മികമായി 1928 ഡിസംബർ മാസത്തിൽ കാലം ചെയ്തത് മുമ്പില്ലാത്ത തരത്തിലുള്ള വലിയൊരു പ്രതിസന്ധിയിലേക്കാണ് മലങ്കര സഭയെ കൊണ്ടെത്തിച്ചത്. ഗീവർഗീസ് പ്രഥമൻ ബാവാ കാലം ചെയ്തതോടെ മലങ്കര സഭയിൽ അവശേഷിക്കുന്ന മെത്രാന്മാരുടെ എണ്ണം മൂന്നായി ചുരുങ്ങിയത് സഭക്ക് തന്നെ വലിയൊരു പ്രതിസന്ധി സൃഷ്ടിച്ചു. കാനോൻ നിയമം അനുസരിച്ച് പൗരസ്ത്യ കാതോലിക്കയെ വാഴിക്കുന്ന ചടങ്ങിൽ വാഴിക്കപ്പെടുന്ന ആൾ ഉൾപടെ കുറഞ്ഞത് 3 മെത്രാന്മാർ എങ്കിലും പങ്കെടുക്കണം. എങ്കിൽ മാത്രമേ കാനോനികമായി കാതോലിക്കയുടെ സ്ഥാനാരോഹണം സാധുവാകുകയുള്ളൂ. അതായത് അന്ന് മലങ്കര സഭയിൽ ആകെയുണ്ടായിരുന്ന മാർ ഈവാനിയോസ് അടക്കമുള്ള മൂന്ന് മെത്രാന്മാരും പങ്കെടുത്താൽ മാത്രമേ മൂന്നാമത്തെ കാതോലിക്കയെ സാധുവായി വാഴിക്കാൻ കഴിയൂ എന്നതായിരുന്നു സാഹചര്യം . മാർ ഈവാനിയോസ് തനിക്ക് വിലപേശാനുള്ള ഒരു സുവർണാവസരമായി ഈ സാഹചര്യത്തെ നോക്കി കണ്ടപ്പോൾ കാതോലിക്ക സ്ഥാനം ഉൾപടെ വിലപേശി വാങ്ങിയെടുക്കാം എന്നു പോലും മാർ ഈവാനിയോസ് സ്വപ്നം കണ്ടു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. എന്തായാലും അടുത്ത കാതോലിക്കയായി കല്ലാശേരിൽ ഗ്രീഗോറിയോസ് തിരുമേനി തെരഞ്ഞെടുക്കപ്പെട്ടതോടെ മാർ ഈവാനിയോസ് കാതോലിക്കയുടെ സ്ഥാനാരോഹണ ചടങ്ങിൽ താൻ പങ്കെടുക്കണമെങ്കിൽ തന്നെ എപ്പിസ്കോപ്പ സ്ഥാനത്തു നിന്നും മെത്രാപോലീത്ത സ്ഥാനത്തേക്ക് ഉയർത്തണം എന്നും തന്റെ സന്തതസഹചാരിയായ ബഥനിയിലെ ജേക്കബ് OIC യെ ബഥനിയുടെ എപ്പിസ്കോപ്പയായി വാഴിക്കണം എന്നും നിബന്ധന വച്ചു. സ്വന്തം ഗുരുവായ വട്ടശേരിൽ തിരുമേനിയോടും മാതൃസഭയോടും വിലപേശി സ്ഥാനമാനങ്ങൾ നേടിയെടുക്കാൻ എങ്ങനെ ആ സന്യാസഭിക്ഷുവിന് തോന്നൽ ഉണ്ടായി എന്നത് ദുരൂഹമാണ് കാരണം സന്യാസികൾ സ്ഥാനമാനങ്ങളുടെ പിന്നാലെ പോകാൻ നിയോഗിക്കപ്പെട്ടവരല്ല. ഇവിടെയാണ് പല കാര്യങ്ങളിലും ഈ സന്യാസി വ്യത്യസ്തനാവുന്നത്. എന്തായാലും അന്നത്തെ സാഹചര്യത്തിൽ മാർ ഈവാനിയോസിനു വഴങ്ങിക്കൊടുക്കുകയല്ലാതെ മറ്റു നിവൃത്തികൾ ഇല്ലാത്തതിനാൽ 1929 ഫെബ്രുവരി 15 നു മൂന്നാം കാതോലിക്കയെ വാഴിക്കുന്നതിന് തലേദിവസം മാർ ഈവാനിയോസിനെ എപ്പിസ്കോപ്പ സ്ഥാനത്തു നിന്നും മെത്രാപോലീത്ത സ്ഥാനത്തേക്ക് ഉയർത്തുകയും കാതോലിക്കയെ വാഴിച്ചതിന് തൊട്ടടുത്ത ദിവസം ബഥനിയിലെ ജേക്കബ് OIC യെ യാക്കോബ് മാർ

തേയോഫിലോസ് എന്ന പേരിൽ എപ്പിസ്കോപ്പ ആയി വാഴിക്കുകയും ചെയ്തു. മാർ ഈവാനിയോസ് മലങ്കര സഭ ഏതു നിമിഷവും വിട്ടുപോകും എന്ന സാഹചര്യം ആയതിനാൽ മലങ്കര അസോസിയേഷൻ മുമ്പ് മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുത്തിട്ടും മെത്രാൻസ്ഥാനം നിരസിച്ച് ഉത്തമസന്യാസിയായി ജീവിക്കാൻ പാമ്പാടി പോത്തൻപുറം ആശ്രമത്തിൽ താമസമാക്കിയ പാമ്പാടി കുറിയാകോസ് റമ്പാനെയും ജേക്കബ് OIC യോടെപ്പം കുറിയാകോസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു . അദ്ദേഹമാണ് പിന്നീട് മലങ്കര സഭയിലെ വിശുദ്ധനായി മാറിയ പാമ്പാടി തിരുമേനി . ഒരു സന്യാസിയുടെ ജീവിത ലക്ഷ്യം എന്തെന്ന് ഉത്തമ ബോദ്ധ്യത്തോടെ ജീവിതം നയിച്ച പരിശുദ്ധ പാമ്പാടി തിരുമേനി സകല സന്യാസികൾക്കും തികഞ്ഞ മാതൃകയാണ്.

എന്തായാലും കഴിഞ്ഞ അദ്ധ്യായത്തിൽ ഒരു ചരിത്ര വിദ്യാർത്ഥിക്ക് ആകാംക്ഷ ഉളവാക്കുന്ന രീതിയിൽ ഉന്നയിക്കപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും ഈ അദ്ധ്യായത്തിൽ ഉത്തരമായി എന്ന് വിചാരിക്കുന്നു .

മാർ ഈവാനിയോസ് മലങ്കര സഭ വിട്ടത് വെറും കയ്യോടെയോ ??

മലങ്കര കത്തോലിക്ക സഭ വ്യപകമായി പ്രചരിപ്പിക്കുന്ന മറ്റൊരു നുണയാണ് മാർ ഈവാനിയോസ് മലങ്കര സഭ വിട്ടത് ഭൗതീക സ്വത്തുക്കൾ എല്ലാം ഉപേക്ഷിച്ച് ആണെന്ന്. ഈ പ്രചരണത്തിന്റെ വാസ്തവം നമുക്ക് ഒന്ന് പരിശോധിക്കാം .

മലങ്കര സഭയിൽ ആയിരിക്കുമ്പോൾ സഭയുടെ 80 ഓളം വരുന്ന സ്കൂളുകളുടെ മാനേജർ മാർ ഈവാനിയോസ് ആയിരുന്നു . മലങ്കര സഭ വിട്ട ശേഷവും നിയമപരമായി സ്കൂളിന്റെ ഉടമസ്ഥാവകാശം മലങ്കര സഭക്ക് തിരികെ നൽകാൻ മാർ ഈവാനിയോസ് കൂട്ടാക്കിയില്ല. എന്നാൽ മലങ്കര സഭ ഇതിനായി നിരവധി തവണ മാർ ഈവാനിയോസിനെ സമീപിച്ചപ്പോളും ആദ്ദേഹം കൈമലർത്തുകയാണുണ്ടായത്. ആ സാഹചര്യത്തിൽ മാർ ഈവാനിയോസിന്റെ കൈവശം ഉള്ള മലങ്കര സഭയുടെ സ്കൂളുകളുടെ ഉടമസ്ഥാവകാശം തിരിച്ചു പിടിക്കാൻ സഭ പുത്തൻകാവിൽ കൊച്ചുതിരുമേനിയെ ചുമതലപ്പെടുത്തുകയും അതിൻപ്രകാരം ബാംഗ്ളൂരിലുള്ള റോമൻ കത്തോലിക്ക അപോസ്തോലിക് ഡെലിഗേറ്റിന് പുത്തൻകാവിൽ കൊച്ചുതിരുമേനി ഒരു കത്തയക്കുകയും ചെയ്തു. സന്ധിസംഭാഷണങ്ങൾ കൊണ്ടോ ക്രൈസ്തവ മാർഗത്തിലുള്ള പരിഹാരശ്രമങ്ങൾ കൊണ്ടോ പ്രശ്നത്തിനു പരിഹാരം ആവാതെ കടുംപിടിത്ത നിലപാടുകൾ തുടർന്ന മാർ ഈവാനിയോസ് മലങ്കര സഭയുടെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു വിപുലപ്പെടുത്തി എന്നിങ്ങനെയുള്ള മുടന്തൻന്യായങ്ങൾ പറഞ്ഞ് മലങ്കര സഭയുടെ സ്കൂളുകൾ തിരികെ നൽകാൻ തയാറായില്ല.

ആ സാഹചര്യത്തിൽ നിയമപരമായ മാർഗങ്ങൾ തേടേണ്ടി വന്ന മലങ്കര സഭ മാർ ഈവാനിയോസിനെതിരെ കോടതിയിൽ സിവിൽ കേസ് ഫയൽ ചെയ്തു. വിവിധ കോടതികളിൽ വർഷങ്ങൾ നീണ്ട വാദപ്രതിവാദങ്ങൾക്കും വ്യവഹാരങ്ങൾക്കും ശേഷം കേരള ഹൈക്കോടതി മലങ്കര സഭക്ക് അനുകൂലമായി കേസുകൾ വിധി പറഞ്ഞ് തീർപ്പു കൽപിച്ചു.

എന്നാൽ സുപ്രീം കോടതിയിലേക്ക് വ്യവഹാരം നീട്ടാൻ മലങ്കര കത്തോലിക്ക സഭാ നേതൃത്വം ശ്രമിച്ചപ്പോൾ മലങ്കര സഭയുടെ ചില സ്കൂളുകൾ മലങ്കര കത്തോലിക്ക സഭക്ക് നിരുപാധികം വിട്ടുകോടുത്ത് കൊണ്ട് കോടതിക്ക് പുറത്ത് പ്രശ്നം പരിഹരിക്കുകയാണ് ചെയ്തത്.

അപ്രകാരം തന്നെ ബഥനി ആശ്രമത്തിന്റെ സ്വത്തുക്കൾ സംബന്ധിച്ചും ഒരു കെസുണ്ടായിരുന്നു. ആ കേസിലും മലങ്കര സഭക്ക് അനുകൂലമായി ആണ് കോടതി വിധി പറഞ്ഞത്.

ചുരുക്കത്തിൽ മാർ ഈവാനിയോസ് വെറുംകയ്യോടെ ബഥനിയിൽ നിന്നിറങ്ങി എന്ന പ്രചരണം ശുദ്ധ അസംബന്ധമാണ്. മലങ്കര സഭയുടെ സ്കൂളുകൾഇപ്പോളും മലങ്കര കത്തോലിക്ക സഭയുടെ കൈവശം ഉണ്ട്. ഉളനാട് പള്ളിയുടെ സ്കൂൾ ഒരുദാഹരണം ആണ്.

അദ്ധ്യായം 10
പുനരൈക്യ രേഖകകളിലെ അബദ്ധങ്ങൾ

മലങ്കര കത്തോലിക്ക വൈദീകനായിരുന്ന ഫാ തോമസ് ഇഞ്ചക്കലോടി രചിച്ച Mar Ivanios Volume 1 എന്ന പുസ്തകത്തിൽ പുനരൈക്യ രേഖകൾ എന്ന നിലയിൽ കുറേയധികം കത്തുകൾ ഫാ തോമസ് ഇഞ്ചക്കലോടി ഉദ്ധരിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് റോമിലേക്കയച്ച മെമോറാണ്ടങ്ങൾ,മാർ ഈവാനിയോസ് ബാംഗ്ളൂരിലെ റോമൻ കത്തോലിക്ക അപോസ്തോലിക് ഡെലിഗേറ്റിനയച്ച കത്തുകൾ അങ്ങനെ നിരവധി കത്തുകളുടെ മലയാളത്തിലുള്ള തർജമകൾ ആ ഗ്രന്ഥത്തിൽ ഫാ തോമസ് ഇഞ്ചക്കലോടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ കത്തുകളുടെ ആധികാരികത ഒരു ചോദ്യചിഹ്നമായി മാറുന്നത് ഈ ഗ്രന്ഥത്തിലെ 344 ആം പേജിൽ ഉൾപെടുത്തിയിരിക്കുന്ന ഒരു കത്ത് പരിശോധിക്കുമ്പോളാണ്. മാർ ഈവാനിയോസ് ബാംഗ്ളൂരിലെ അപോസ്തോലിക് ഡെലിഗേറ്റിനയച്ച കത്താണത്. കത്തെഴുതുന്ന തീയതി 1928 ജൂലൈ 21 ആണെന്നാണ് അതിൽ കൊടുത്തിരിക്കുന്നത്. എന്നാൽ കത്തിന്റെ ആധികാരികതയെ കുറിച്ച് സംശയമുളവാക്കുന്നത് ആ കത്തിലെ ഒരു പരാമർശമാണ്. ആ പരാമർശം ഇപ്രകാരമാണ്.

"മാർ തേയോഫിലോസ് തിരുമേനിയും ഞാനും പല തരത്തിലുള്ള പീഢനങ്ങളാണ് ഇപ്പോൾ ആനുഭവിച്ചുകൊണ്ടിരുക്കുന്നത്.എന്നാൽ ഈ ദൃശ്യ പീഢനങ്ങൾ ഞങ്ങളുടെ നിശ്ചയത്തിൽ നിന്നും ഞങ്ങളെ അണുമാത്രം വ്യതിചലിപ്പിക്കുന്നതല്ല. "'

ഇതാണ് പ്രസ്തുത കത്തിലെ ഒരു പരാമർശം. ഇവിടെ വലിയൊരു അബദ്ധം കടന്നു കൂടിയിട്ടുണ്ട്. ഈ കത്തിൽ പരാമർശിക്കപ്പെടുന്ന മാർ തേയോഫിലോസ് തിരുമേനി ആരാണ് എന്നതാണ് ചോദ്യം. ബഥനിയിലെ യാക്കോബ് മാർ തേയോഫിലോസിനെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ കത്തെഴുതുന്ന ദിവസം അതായത് 1928 ജൂലൈ 21 ന് അദ്ദേഹം ഫാ. ജേക്കബ് OIC ആണ്. അദ്ദേഹം ഒരു മെത്രാനായി വാഴിക്കപ്പെടുന്നതും യാക്കോബ് മാർ തേയോഫിലോസ് എന്ന പേര് സ്വീകരിക്കുന്നതും 1929 ഫെബ്രുവരി 16 നാണ്. അപ്പോൾ 1928 ജൂലൈ 21 ന് എഴുതി എന്ന് പറയപ്പെടുന്ന കത്തിൽ പരാമർശിക്കപ്പെടുന്ന മാർ തേയോഫിലോസ് തിരുമേനി ആരാണ് ?.

ഈ അബദ്ധം എങ്ങനെയാണ് ഇതിൽ കടന്നു കൂടിയത് . ഇതൊരു പ്രിന്റിംഗ് മിസ്റ്റേക് ആണെന്ന് ഒരിക്കലും കരുതാൻ കഴിയില്ല കാരണം മാർ ഈവാനിയോസ് ബാംഗ്ളൂരിലെ അപോസ്തോലിക് ഡെലിഗേറ്റിനയച്ച കത്തുകളുടെയും മറുപടി കത്തുകളുടെയും ഒരു സീരീസിൽ നിന്നും കൃത്യമായ തീയതി പ്രതിബാധിച്ചു കൊണ്ടയച്ച ഒരു കത്താണിത്. ഇതിനു മുമ്പും ശേഷവും കത്തുകളയച്ചിട്ടുണ്ട്. ആ പാറ്റേൺ പരിശോധിച്ചാൽ ഒരിക്കലും ഇതൊരു പ്രിന്റിംഗ് മിസ്റ്റേക് ആണെന്ന് കരുതാൻ കഴിയില്ല .പുനരൈക്യ രേഖകൾ എന്ന പേരിൽ മലങ്കര കത്തോലിക്ക സഭ പ്രസിദ്ധീകരിച്ച മറ്റൊരു ഗ്രന്ഥത്തിലും നമുക്ക് ഈ കത്ത് കാണാൻ കഴിയും (പുനരൈക്യ രേഖകൾ പേജ് 107,108). ഇവിടെയും ഈ കത്തിൽ ഇതേ അബദ്ധം നമുക്ക് കാണാൻ സാധിക്കും . എങ്ങനെയാണ് ഈ അബദ്ധം സംഭവിച്ചത്. . ഒരു പക്ഷേ പുനരൈക്യ രേഖകൾ എന്ന നിലയിൽ അവതരിപ്പിക്കാനായി കൃത്രിമമായി

കത്തുകൾ ചമച്ചുണ്ടാക്കിയപ്പോൾ സംഭവിച്ച ഒരു അബദ്ധം ആവാം ഇത് എന്ന് കരുതാതെ വേറെ തരമില്ല.

മാർ ഈവാനിയോസിന്റെ പുനരൈക്യത്തിനുള്ള അപേക്ഷയിൽ അന്തിമ തീരുമാനം എടുത്ത ശേഷം റോം ബാംഗ്ളൂരിലെ അപോസ്തോലിക് ഡെലിഗേറ്റ് വഴി മാർ ഈവാനിയോസിന് അയച്ചു കൊടുത്ത അംഗീകാരപത്രത്തിലും ഇത്തരമൊരു വൈരുദ്ധ്യം നമുക്ക് കാണാൻ സാധിക്കും. മലങ്കര കത്തോലിക്ക സഭ പ്രസിദ്ധീകരിച്ച "പുനരൈക്യരേഖകൾ" എന്ന ഗ്രന്ഥത്തിലെ 140 ആം പേജിൽ പ്രസ്തുത അംഗീകാരപത്രം ഉൾപെടുത്തിയിട്ടുണ്ട്. 1930 ഓഗസ്റ്റ് 20 എന്ന തീയതി വച്ചു കൊണ്ട് അയച്ചിട്ടുള്ള അംഗീകാരപത്രത്തിന്റെ രണ്ടാം ഖണ്ഠിക ആരംഭിക്കുന്നത് ഇപ്രകാരമാണ് . "1926 നവംബർ മാസത്തിൽ മെമോറാണ്ടം സമർപ്പിച്ച മെത്രാൻകക്ഷിയിൽ പെട്ട 5 മെത്രാന്മാരിൽ ഒരുവനും അന്നത്തെ നിശ്ചയത്തിൽ വിശ്വസ്തനായി നിൽക്കുന്നവനുമായ മാർ ഈവാനിയോസും പ്രസ്തുത അപേക്ഷയിൽ സഹകരിക്കുകയും കയ്യൊപ്പിടുകയും ചെയ്ത മാർ തേയോഫിലോസും .... " . 1926 ൽ റോമിലേക്കയച്ച ആദ്യ മെമോറാണ്ടത്തിൽ മാർ ഈവാനിയോസ് പോലും ഒപ്പു വച്ചിട്ടില്ല എന്നാണ് മാർ ഈവാനിയോസ് മെത്രാൻ തന്റെ ആത്മകഥാകഥനം എന്ന പുസ്തകത്തിൽ പറയുന്നത്. റോമിലേക്കയച്ച ആദ്യ മെമോറാണ്ടത്തിൽ തന്റെ പേരോ ഒപ്പോ വക്കാതെ ആണ് മാർ ഈവാനിയോസ് ഫാദർ റൊബാരിയോയെ ഏൽപിച്ചത് എന്ന് തോമസ് ഇഞ്ചക്കലോടി അച്ചന്റെ ആർച്ചുബിഷപ് മാർ ഈവാനിയോസ് എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് നമ്മൾ മുമ്പുള്ള അദ്ധ്യായങ്ങളിൽ പരിശോധിച്ചതുമാണ്. മാർ ഈവാനിയോസ് പോലും ഒപ്പിടാത്ത ഈ മെമോറാണ്ടത്തിൽ മാർ തേയോഫിലോസ് വരെ ഒപ്പിട്ടു എന്നാണ് റോമിൽ നിന്നും അയച്ച അംഗീകാരപത്രത്തിൽ പറയുന്നത്. എങ്ങനെയാണ് ഇത്തരത്തിലുള്ള വൈരുദ്ധ്യങ്ങൾ ഇതിൽ കടന്നു കൂടിയത്.1926 നവംബർ മാസത്തിൽ മെത്രാൻകക്ഷിയിൽ ആകെയുണ്ടായിരുന്നത് 4 മെത്രാൻമാർ മാത്രമാണെന്നിരിക്കെ റോമിന്റെ അംഗീകാരപത്രത്തിൽ എങ്ങനെയാണ് 5 മെത്രാന്മാർ വന്നത്.

പുനരൈക്യ രേഖകൾ എന്ന ഗ്രന്ഥത്തിൽ ഉൾപെടുത്തിയിട്ടുള്ള പല രേഖകളിലും ഇത്തരത്തിലുള്ള നിരവധി അബദ്ധങ്ങളും വൈരുദ്ധ്യങ്ങളും നമുക്ക് കാണുവാൻ സാധിക്കും.പുനരൈക്യ രേഖകൾ എന്ന ഗ്രന്ഥത്തിലെ 120 ആം പേജിൽ കൊടുത്തിരിക്കുന്ന ഒരു കത്തിൽ ബഥനി മെത്രാനു കീഴിൽ തിരുവല്ലയിൽ ഒരു രൂപത ഉണ്ട് എന്നും ഈ രൂപതാ ഭരണത്തിനായി ബഥനി മെത്രാൻ മാർ തേയോഫിലോസ് എപ്പിസ്കോപ്പായെ അംഗീകാരപത്രം നൽകി നിയമിച്ചിരിക്കുന്നു എന്നൊക്കെ കാണുന്നു. മലങ്കര സഭയിൽ ബഥനി ആശ്രമത്തിനു കീഴിൽ തിരുവല്ലയിൽ ഒരു ഭദ്രാസനം നിലനിന്നിരുന്നതായി ആർക്കെങ്കിലും അറിയുമോ ?. ഇത് ഒരുപക്ഷേ മാർ ഈവാനിയോസ് റോമിനെ തെറ്റിദ്ധരിപ്പിക്കാനായി മനപൂർവം എഴുതിയതാവാം. ഇപ്രകാരം തന്റെ കീഴിൽ ഒരു ഭദ്രാസനം ഉണ്ട് എന്ന് റോമിനെ തെറ്റിദ്ധരിപ്പിച്ചാൽ തനിക്ക് കൂടുതൽ പരിഗണനയും സ്ഥാനവും ലഭിക്കും എന്ന് അദ്ദേഹം വിചാരിച്ചിട്ടുണ്ടാവാം. റോമാ സഭയിലേക്ക് താൻ വരുന്നത് ഏകനായല്ല തന്റെ കൂടെ വലിയൊരു ജനവിഭാഗവുമുണ്ട് എന്ന് റോമിനെ ധരിപ്പിച്ച് അതിലൂടെ പരമാവധി നേട്ടമുണ്ടാക്കിയെടുക്കുക എന്ന ഉദ്ദേശവും അങ്ങനെയെഴുതാൻ അദ്ദേഹത്തെ

പ്രേരിപ്പിച്ചിട്ടുണ്ടാവും. എന്തായാലും നമ്മുടെ വിഷയം അതല്ലാത്തതിനാൽ അത് ഈ പുസ്തകത്തിന്റെ രചനയുടെ ഉദ്ദേശലക്ഷ്യത്തിൽ ഉൾപ്പെടുത്തുന്നില്ല. പുനരൈക്യ രേഖകളിലെ വൈരുദ്ധ്യങ്ങളേ ചൂണ്ടിക്കാണിച്ചപ്പോൾ സാന്ദർഭികമായി പരാമർശിച്ചു എന്നു മാത്രം.

അദ്ധ്യായം - 11

ആർച്ച് ബിഷപ്പ് ഇവാനിയോസിന്റെ മലങ്കര സഭയിലേക്കുള്ള 'മടക്കം'

മലങ്കര കത്തോലിക്കാ റീത്ത് 1932 ൽ വത്തിക്കാൻ സൃഷ്ടിച്ച ഒരു പൗരസ്ത്യ കത്തോലിക്കാ സമൂഹമാണ് എന്ന് ഏവർക്കും അറിവുള്ള കാര്യമാണ്. ആർച്ച് ബിഷപ്പ് ഇവാനിയോസ് മലങ്കര സഭയിൽനിന്നു കൂറുമാറി 1930 സെപ്റ്റംബർ 20 ന് റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. 1932 ജൂൺ 11 ന് പയസ് മാർപ്പാപ്പ മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചു. അതായതാണ് മലങ്കര കത്തോലിക്കാസഭയ്ക്ക് എൺപത്തിയെട്ട് വർഷത്തെ ചരിത്രം മാത്രമേ ഉള്ളു. 2015ൽ ഫ്രാൻസിസ് മാർപാപ്പ എറിട്രിയൻ കത്തോലിക്കാ റീത്ത് സ്ഥാപിക്കുന്നതുവരെ ഏറ്റവും പ്രായം കുറഞ്ഞ പൗരസ്ത്യ സഭയായിരുന്നു മലങ്കര റീത്ത്.

ആർച്ച് ബിഷപ്പ് ഇവാനിയോസിന്റെ കുറ്റസമ്മതവും ഓർത്തഡോക്സ് വിശ്വാസത്തിലേക്കുള്ള 'മടങ്ങിവരവും'

തന്റെ അവസാന നാളുകളിൽ, ആർച്ച് ബിഷപ്പ് ഇവാനിയോസ് (മലങ്കര കത്തോലിക്കാ സഭയുടെ സ്ഥാപകൻ) മലങ്കര ഓർത്തഡോക്സ് സഭയിലെ പാറേട്ട് മാർ ഇവാനിയോസ് തിരുമേനിയോട് ഒരു കുമ്പസാര കുറ്റസമ്മതം നടത്തുകയുണ്ടായി. എന്തുകൊണ്ടാണ് ഇവാനിയോസ് മലങ്കര ഓർത്തഡോക്സ് സഭയുടെ തന്നെ മെത്രാച്ചനെ തിരഞ്ഞെടുത്തത് ? കുമ്പസാരിക്കാനായി മലങ്കര കത്തോലിക്കാ, സിറോ മലബാർ, ലാറ്റിൻ കത്തോലിക്കാ പുരോഹിതമാരെയോ, മെത്രാന്മാരെയോ തീർച്ചയായും തിരഞ്ഞെടുക്കമായിരുന്നു. അങ്ങനെ എന്തുകൊണ്ട് അദ്ദേഹം അത് ചെയ്തില്ല? .

മലങ്കര കാതോലിക്കാ ചരിത്രകാരൻമാർ പറയുന്നതുനസരിച്ചാണെകിൽ ആർച് ബിഷപ് ഇവാനിയോസ് ഒരു തീവ്ര കത്തോലിക്കാ വിശ്വാസിയും, പുനരൈക്കത്തിന്റെ രാജശില്പിയുമെക്കെ ആണെല്ലോ. ഈ രാജശില്പിക്ക് എന്തുപറ്റി? ഒരു തരത്തിൽ, ആർച്ച് ബിഷപ്പ് ഇവാനിയോസിന്റെ കുമ്പസാരം അദ്ദേഹം ഓർത്തഡോക്സ് സഭയിലേക്ക് വന്നതിനു തുല്യമായിരുന്നു. ആർച്ച് ബിഷപ്പ് ഇവാനിയോസ് പാറേട്ട് തിരുമേനിയോട് നടത്തിയ കുമ്പസാരം തീർച്ചയായും മാതൃ ഓർത്തഡോക്സ് സഭയിലേക്കുള്ള അദ്ദേഹത്തിന്റെ മടങ്ങിവരവ് തന്നെയാണ്'. അദ്ദേഹം ശാരീരികമായി മലങ്കര സഭയിലേക്കു മടങ്ങിയില്ല, പക്ഷെ മാനസാന്തരത്തിലൂടെയും, കുമ്പസാരത്തിലൂടെയും മാനസികമായി അദ്ദേഹം മാതൃ സഭയിലേക്ക് തിരിച്ചുവന്നു.

കാതോലികേറ്റ് സ്ഥാപനത്തിലും ബഥനി ആശ്രമസ്ഥാപനത്തിലും എല്ലാം നിർണായകമായ ഇടപെടലുകൾ നടത്തിയ വ്യക്തിയാണ് ഫാ പി ടി ഗീവർഗീസ്. എന്നാൽ ഇതൊന്നും തന്നെ മാർ ഈവാനിയോസിന്റെ സഭാഭ്രംശത്തിനും അതിനു ശേഷം അദ്ദേഹം പ്രതികാരബുദ്ധിയോടെ തന്റെ മാതൃസഭക്കെതിരെ പ്രവർത്തിച്ചതിനും ന്യായീകരണമാകുന്നില്ല. മാർ ഈവാനിയോസ് മലങ്കര സഭക്ക് നൽകിയ സംഭാവനകളെ വിലകുറച്ചു കാണുന്നുമില്ല. എന്നാൽ മാർ ഈവാനിയോസിന്റെ സഭാഭ്രംശത്തെ ആസ്പദമാക്കി മലങ്കര കത്തോലിക്ക സഭ പ്രചരിപ്പിക്കുന്ന അസത്യങ്ങളും അസംബന്ധങ്ങളും തുറന്നു കാണിക്കുക മാത്രമാണ് ഇവിടെ ചെയ്തിട്ടുള്ളത്. കൃത്യമായി പരിശോധിച്ച് വസ്തുതകൾ ആണെന്ന് ബോദ്ധ്യപ്പെട്ട കാര്യങ്ങൾ മാത്രമാണ് ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളത്. മലങ്കര കത്തോലിക്ക സഭ തന്നെ ഔദ്യോഗികമായി പുനപ്രസിദ്ധീകരിച്ച മാർ ഈവാനിയോസ് തിരുമേനിയുടെ ആത്മകഥയായ 'ഗിരിദീപം' അതേപോലെ മലങ്കര കത്തോലിക്ക സഭയുടെ വൈദീകൻ ആയിരുന്ന ഫാ.തോമസ് ഇഞ്ചക്കലോടി രചിച്ച ആർച്ചുബിഷപ് മാർ ഈവാനിയോസ് (Valume 1) എന്നീ രണ്ടു ഗ്രന്ഥങ്ങളിൽ നിന്നാണ് ഈ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ഭൂരിഭാഗം കാര്യങ്ങളുടെയും റഫറൻസ് എടുത്തിട്ടുള്ളത്. ഈ ഗ്രന്ഥങ്ങളിൽ നിന്നും പരാമർശിച്ചിട്ടുള്ള എല്ലാ കാര്യങ്ങൾക്കും കൃത്യമായ പേജ് നമ്പറുകൾ നൽകിയിട്ടുള്ളതിനാൽ ഈ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ റഫർൻസായി നൽകിയിട്ടുള്ള പുസ്തകങ്ങളിലെ പേജുകൾ പരിശോധിച്ച് ആർക്കും താരതമ്യം ചെയ്യാവുന്നതാണ്. പ്രസ്തുത ഗ്രന്ഥങ്ങൾ മലങ്കര കത്തോലിക്ക സഭ പ്രസിദ്ധീകരിച്ചതായതിനാൽ അത് മലങ്കര കത്തോലിക്ക വിശ്വാസികൾക്ക് കൂടുതൽ ആധികാരികമായുള്ള സംശയനിവാരണത്തിന് സഹായകമാകും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. എന്നിരുന്നാൽ തന്നേയും ഇതിൽ പരാമർശിച്ചിട്ടുള്ള എന്തിനെയും വസ്തുതാപരമായി ഖണ്ഡിക്കാൻ മലങ്കര കത്തോലിക്ക ചരിത്രകാരന്മാരെ ഞങ്ങൾ ക്ഷണിക്കുകയാണ്.

ഇതിൽ പറഞ്ഞിട്ടുള്ള എന്തെങ്കിലും കാര്യം അവാസ്തവമാണെന്ന് തെളിയിച്ചാൽ ആ ഭാഗം പിൻവലിക്കുന്നതിന് ഞങ്ങൾക്ക് യാതൊരു വൈമനസ്യവും ഇല്ല എന്നും അറിയിക്കട്ടേ. മാർ ഈവാനിയോസിന്റെ സഭാഭ്രംശം സംബന്ധിച്ച് മലങ്കര സഭയിലെ നിരവധി വിശ്വാസികൾക്ക് ഉണ്ടാകാറുള്ള സംശയങ്ങൾക്കു നിവാരണം വരുത്താൻ ഈ ഗ്രന്ഥം ഹേതുവാകുമെങ്കിൽ ഇതിന്റെ ലക്ഷ്യം സഫലമായി എന്നു തന്നെ പറയാം.

കൂടാതെ തന്നെ മലങ്കര കത്തോലിക്ക സഭയുടെ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ന് പ്രചരിക്കുന്ന കഥകൾ പലതും വ്യാജപ്രചരണങ്ങളാണെന്ന് മലങ്കര കത്തോലിക്ക സഭയിലെ ചുരുക്കം വിശ്വാസികളെയെങ്കിലും ബോദ്ധ്യപ്പെടുത്താൻ ഈ ലേഖനം കൊണ്ട് സാധിച്ചാൽ ഗ്രന്ഥകർത്താക്കൾ

എന്ന നിലയിൽ ഞങ്ങളുടെ ഉദ്ദേശം പൂർണമായും ലക്ഷ്യത്തിലെത്തി എന്നു പറായാം.

റോമാസഭയുമായുള്ള ഐക്യത്തിനുള്ള തീരുമാനം ഔദ്യോഗികായിട്ടെടുത്തതാണെന്നും പിന്നീട് മറ്റുള്ളവർ പിന്മാറി എന്നുമുള്ള കഥ ഒരു പൊതുവായ ചരിത്രരചന ആയിട്ടാണ് കാണുന്നത് കാരണം പല യൂണിയേറ്റ് റീത്തുകളുടെ ചരിത്രത്തിലും ഇത്തരമൊരു കഥ നമുക്ക് കാണാം.ഈ പാറ്റേണിലുള്ള ഒരു ചരിത്രരചന പരിശോധിക്കാൻ നമുക്ക് അധികം ദൂരേക്കൊന്നും പോകേണ്ടതില്ല.

1921 ൽ ക്നാനായ യാക്കോബായ വിഭാഗം റോമുമായി ഐക്യ ചർച്ച ആരംഭിച്ചത് ക്നാനായ സഭാതലവനായിരുന്ന ഇടവഴിക്കൽ സേവേറിയോസ് മെത്രാപോലീത്തായുടെയും സമുദായം മുഴുവന്റെയും അനുവാദത്തോടെയാണെന്നും എന്നാൽ പിന്നീട് ബാക്കിയെല്ലാവരും പിന്മാറി എന്നും ഒരു കഥ ഒറ്റത്തൈക്കൽ തോമസ് കത്തനാരുടെ 1921 ലെ റോമാസഭയുമായുള്ള ഐക്യത്തെ സംബന്ധിച്ചും പ്രചരിപ്പിക്കുന്നുണ്ട്. ഒരുപക്ഷേ റോമാസഭയിലേക്ക് ചേർന്നവരെ മഹത്വവൽക്കരിക്കുന്നതിന് മറ്റുള്ളവരെ മോശക്കാരും വാക്കിന് വ്യവസ്ഥയില്ലാത്തവരും ആയി ചിത്രീകരിക്കേണ്ട അവസ്ഥയായിരിക്കാം അവർക്കുള്ളത്.

മലങ്കര സഭയുടെ മെത്രാപോലീത്താമാരെ അപ്രകാരം വാക്കിന് വ്യവസ്ഥയില്ലാത്തവരായി മലങ്കര കത്തോലിക്കർ ചിത്രീകരിക്കുമ്പോൾ ഇതിലെ യാഥാർത്ഥ്യം എന്തെന്ന് എല്ലാവരെയും ബോദ്ധ്യപ്പെടുത്തണം എന്ന ചിന്തയിൽ നിന്നാണ് ഇപ്രകാരം ഒരു ലേഖനം എഴുതണം എന്നൊരു ആശയത്തിലേക്ക് ഇതിന്റെ ഗ്രന്ഥകർത്താക്കളെ നയിച്ചത്.

റഫറൻസുകൾ

ഗിരിദീപം

ഫാദർ തോമസ് ഇഞ്ചക്കലോടി, ആർച് ബിഷപ്പ് മാർ ഇവാനിയോസ് (വോളിയം -I)

പുനരൈക്യ രേഖകൾ,(ക്രോഡീകരണം സിൽവസ്റ്റർ കാഞ്ഞിരമുകളിൽ, ഒഐസി)

ചിത്രങ്ങൾ സോഴ്സ് - https://reconquest.net/

ഹിസ്റ്റോറിക് ഇമേജസ് ഓഫ് എം ഓ സ് സി ഫേസ്ബുക് പേജ്

****